# New Vision



പത്രാധിപക്കുറിപ്പ്

# പാനൽ തെരഞ്ഞെടുപ്പിനു ശേഷം

സി. എസ്. ഐ മദ്ധ്യകേരള മഹായിടവകയിൽ പുതിയ ബിഷപ്പിനെ നിയമിക്കുന്നതിനു വേണ്ടിയുള്ള
തെരഞ്ഞെടുപ്പ് സമാധാനപരമായും പരാതിക്ക് ഇടം കൊടുക്കാതെയും നടക്കുവാൻ ഇടയായതിൽ ദൈ
വത്തെ സ്തുതിക്കുകയും തെരഞ്ഞെടുപ്പിൻെറ ചുമതലനിർവഹിക്കുന്ന കമ്മറ്റിയുടെ അംഗങ്ങളെയും വിശേ
ഷിച്ച് അതിൻെറ അദ്ധ്യക്ഷൻ ശ്രീ. വർക്കി ജോർജിനെ ഹാർദ്ദമായി അഭിനന്ദിക്കുകയും ചെയ്യുന്നു . നാലു
പേർ ഉൾപ്പെടുന്ന ഒരു പാനൽ തെരഞ്ഞെടുക്കപ്പെടണം എന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. എന്നാലും
അഞ്ചു തവണ വോട്ടെടുപ്പ് നടത്തിയതിനു ശേഷം മൂന്നുപേരെങ്കിലും ഉള്ള ഒരു പാനൽ സിനഡിനു
സമർപ്പിക്കുവാൻ സാധിച്ചു എന്നതിൽ സന്തോഷിക്കുകയും പാനലിലേക്കു തിരഞ്ഞെടുക്കപ്പെട്ട വെരി റവ.
എം.ടി തര്യൻ, റവ. സാം മാത്യു, റവ. ടി.ഐ ജോർജ് എന്നിവരെ ഞങ്ങൾ ഹൃദയംഗമായി അനുമോദിക്കുകയും
ചെയ്യുന്നു. വളരെ വൈകിയിട്ടുപോലും പിരിഞ്ഞു പോകാതെ വോട്ടിംഗിൽ അവസാനംവരെയും സഹകരിച്ച
കൗൺസിൽ അംഗങ്ങളുടെ ഉത്തരവാദിത്വ ബോധത്തെ ഞങ്ങൾ പ്രശംസിക്കുന്നു.

പാനലിലേക്കു തിരഞ്ഞെടുക്കപ്പെട്ട എല്ലാ സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പു പ്രവർത്തന ശൈലി
എല്ലാവർക്കും ഒരു പോലെ സ്വീകര്യമായി തോന്നിയില്ല എന്നു വരാം. എങ്കിൽ തന്നെയും സിനഡ്
എക്സിക്യുട്ടീവ് അവസാനമായി നിയോഗിക്കുന്ന വന്ദ്യവൈദികനെ മഹായിടവക അംഗങ്ങളെല്ലാം ഏകമന
സ്സോടെ ദൈവത്തിൽ വന്ദ്യ പിതാവായി അംഗീകരിച്ചുകൊണ്ട് യോഗ്യമായ രീതിയിൽ അദ്ദേഹത്തെ സ്വീകരി
ക്കുവാനുള്ള മഹാമനസ്കത എല്ലാവരിലും പ്രകടമാകുന്നതിനു വേണ്ടി ഞങ്ങൾ ആത്മാർത്ഥമായി ആഗ്ര
ഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു: അംഗങ്ങളുടെ സഹകരണം കൂടാതെ നേതാക്കൾക്ക് കാര്യമായി
ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല എന്നതു വ്യക്തമാണല്ലോ. സഭയിലെ ഐക്യം കാത്തു സൂക്ഷിക്കുന്ന
തിനും കൂട്ടായ്മ ബലപ്പെടുത്തുന്നതിനും ഈ സഹകരണം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. അതു കൊണ്ട്
പാനലിലേക്കുള്ള മൂന്നു പേരിൽ നിന്നു സിനഡ് എക്സിക്യുട്ടീവ് ആരെ ബിഷപ്പായി നിയമിച്ചാലും പിന്നീട്
പ്രശ്നങ്ങൾക്കൊന്നും ഇടയാകാതെ ഭയഭക്തി ബഹുമാനത്തോടെ ഏകമനസ്സായി സ്വീകരിക്കുവാൻ ഇടയാ
കട്ടെ എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

ആത്യന്തികമായി തെരഞ്ഞെടുക്കപ്പെടുന്ന വന്ദ്യ വൈദികനോടുള്ള ബഹുമാനാദരവുകൾ മുൻ കൂട്ടി
അറിയിക്കുന്നതോടോപ്പം ഒരു അഭ്യർത്ഥന കൂടി നടത്തുവാനുണ്ട്. സി. എസ് . ഐ. മഹായിടവകയിലെ
ബിഷപ്പ് തെരഞ്ഞെടുപ്പുകൾക്കുശേഷം രണ്ടു തരത്തിലുള്ള പ്രവണതകൾ പല സ്ഥലങ്ങളിലും കാണാൻ
ഇടയായിട്ടുണ്ട്. പാനലിലുള്ള മറ്റ് ആളുകൾക്ക് ഏറ്റവും യോഗ്യമായ സ്ഥാനങ്ങൾ നൽകി സഹകരണത്തിൻെറ
ആത്മാവിൽ ബിഷപ്പുമാർ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്ന ഒരു പ്രവണതയാണ്. ഈ പ്രവണത
കേരളത്തിൽത്തന്നെ ദൃശ്യമായിട്ടുണ്ട്. മറ്റൊരു പ്രവണത തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന മറ്റാളുകളോടുള്ള
ശത്രുതാമനോഭാവം വെച്ചു പുലർത്തുകയും ആ മനോഭാവത്തോടുകൂടി പെരുമാറുകയും ചെയ്യുകയാണ്.
അതിനുള്ള ഉദാഹരണങ്ങളും കേരളത്തിൽ തന്നെ ഉണ്ടായിട്ടുണ്ട്. ഇതിൽ ഏതു മനോഭാവം ആത്യന്തികമായി
തെരഞ്ഞെടുക്കപ്പെടാൻ പോകുന്ന ആൾ പുലർത്തും എന്നത് മഹായിടവകയെ സംബന്ധിച്ചടത്തോളം വളരെ
പ്രധാനമാണ്. സഭക്കുള്ളിൽ തന്നെ ദൈവം ആഗ്രഹിക്കുന്ന രീതിയിലുള്ള ഐക്യം കെട്ടിയുറപ്പിക്കുന്നതിനു
ആദ്യം സൂചിപ്പിച്ച മനോഭാവം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. അത് ഇന്നത്തെ അടിയന്തരാവശ്യമാണു
താനും.

ദൈവം ഉദ്ദേശിക്കുന്ന ആൾ അത്യന്തികമായി നിയോഗിക്കപ്പെടുവാൻ ഇടയാകുന്നതിനു വേണ്ടി നമുക്കു
പ്രാർത്ഥിക്കാം.

### മദ്ധ്യകേരള മഹായിടവക മേലദ്ധ്യക്ഷനായി
### അവരോധിക്കപ്പെടുന്ന ബഹുമാന്യ ബിഷപ്പിനു

# ഒരു തുറന്ന കത്ത്

അനേകരുടെ പ്രാർത്ഥനയും ദീർഘകാലത്തെ തയ്യാറെടുപ്പിനും ശേഷം മഹായിടവക മേലദ്ധ്യക്ഷ സ്ഥാനത്തേക്കുള്ള നിയമനത്തിന്റെ പടികൾ കടന്നു കൊണ്ടിരിക്കുകയാണല്ലോ. ഈ സന്ദർഭത്തിൽ, സഭയെ ആത്മാർത്ഥമായി സ്നേഹിക്കുന്ന അനേകം പേരുടെ പ്രതിനിധികൾ എന്ന വിശ്വാസത്തിൽ ഈ കത്ത് ഞങ്ങൾ വിനയപൂർവ്വം സമർപ്പിച്ചു കൊള്ളുന്നു. ഞങ്ങളുടെ ആത്മാർത്ഥത അങ്ങ് അംഗീകരിക്കും എന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്.

മഹായിടവക ഇന്നു എത്തിച്ചേർന്നിരിക്കുന്ന ദയനീയാവസ്ഥയിൽ നിന്നും അതിനെ മോചിപ്പിച്ച് പുതിയ ദർശനവും ഉത്തേജനവും നല്കുവാൻ ദൈവം അങ്ങയെ വിളിച്ചിരിക്കുകയാണ് എന്നു ഞങ്ങൾ കരുതുന്നു. ദൈവവിളിയിലുള്ള അടിയുറച്ച വിശ്വാസം മാത്രമാണല്ലോ അങ്ങേയ്ക്ക് ആവശ്യമായ ധൈര്യം നല്കേണ്ടത്. തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി സ്വാർത്ഥ താല്പര്യക്കാർ അങ്ങയുടെ മേൽ സമ്മർദ്ദം ചെലുത്തുമ്പോൾ അങ്ങു അതിൽ നിന്നു വിമുക്തനായിരിക്കും എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വിവിധ ജാതികളിൽ നിന്നും, സാമ്പത്തികമായ ചുറ്റുപാടുകളിൽ നിന്നും വിളിച്ചു വേർതിരിച്ചിരിക്കുന്നവരുടെ ഒരു കൂട്ടായ്മയാണല്ലോ നമ്മുടെ മഹായിടവക. വേർപാടുകളുടെ നടുച്ചുവർ കുരിശിൽ ഇടിച്ച്കളഞ്ഞ് ക്രിസ്തുവിൽ ഏകശരീരമായിരിക്കുന്നതിനുവേണ്ടി ദൈവം നമ്മെ വിളിച്ചു വേർതിരിച്ചിരിക്കുകയാണ്. പിന്നോക്ക വിഭാഗങ്ങളിൽ നിന്നു സഭയിൽ ചേർന്നിട്ടുള്ളവർ സഭയുടെ മഹത്വവും കിരീടവുമാണ് എന്നു അങ്ങ് ചിന്തിക്കും എന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവരുടെ ഉന്നതിക്കു വേണ്ടി അങ്ങ് മുൻകൈ എടുത്തു പ്രവർത്തിക്കും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഭാവി തലമുറയെ വിശ്വാസത്തിലും സഭാസ്നേഹത്തിലും വളർത്തിയെടുത്ത് ദൈവരാജ്യത്തിന് കൊള്ളാവുന്ന പൗരൻമാരാക്കിത്തീർക്കുക എന്നതും സഭയെ ഏൽപ്പിച്ചിരിക്കുന്ന പവിത്രവും ഗൗരവവുമായ ഉത്തരവാദിത്വം ആണല്ലോ. സമീപകാല യുവജന പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള അകൽച്ചയും ആശയകുഴപ്പങ്ങളും എന്തു ത്യാഗവും സഹിച്ച് ദിവ്യസ്നേഹത്തിന്റെ വെളിച്ചത്തിൽ അവരെ പുനഃസ്ഥാപിക്കുന്നതിനുള്ള നീക്കം അങ്ങയുടെ ഭാഗത്തുനിന്നും ഉടൻ തന്നെ ഉണ്ടാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. അവരാണല്ലോ സഭയുടെ ശക്തികേന്ദ്രവും ദർശനവും.

ഭാരതത്തിന്റെ സുവിശേഷികരണം ദർശനം കണ്ടു കൊണ്ടായിരുന്നു ആദ്യം മിഷനറിമാർ ഇവിടെ സഭ സ്ഥാപിച്ചത്. ദക്ഷിണേന്ത്യാ, സഭയുടെ സ്ഥാപനോദ്ദേശ്യം അതുതന്നെയാണ്. സുവിശേഷഘോഷണ രംഗത്ത് ചില നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതു സന്തോഷകരമാണ്. അന്ധകാരവൃതമായിരിക്കുന്ന ഇന്നത്തെ ഭാരതത്തിൽ സഭയുടെ പ്രത്യേക ദൗത്യം എന്താണെന്നു മനസ്സിലാക്കി, ദൗത്യ നിർവഹണത്തിനു വേണ്ടി ശുശ്രൂഷകരെ സജ്ജമാക്കി കർമ്മ ഭൂമിയിലേക്ക് അയയ്ക്കുവാനും തദ്ഫലമായി എല്ലാ നാവും യേശുവിനെ കർത്താവ്എന്ന് ഏറ്റുപറയുന്ന നാൾ ശീഘ്രപ്പെടുത്തുവാനും ദൈവം അങ്ങയെ ഉപയോഗിക്കട്ടെ.

നമ്മുടെ സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, ആശുപത്രി, സാമൂഹിക സേവന കേന്ദ്രങ്ങൾ എന്നിവയെല്ലാം അങ്ങയുടെ സത്വര ശ്രദ്ധ അർഹിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം ഒരു കാലത്തു മുൻപന്തിയിൽ നിന്നവയാണ്. എന്നാൽ ഇന്ന് അവയിൽ പലതും ശോച്യവും ദർശനരഹിതവും ദാരുണവുമായ അവസ്ഥയിൽ ആയിരിക്കുന്നു. ലോക പ്രശസ്തരായ പലരെ വാർത്തെടുക്കുന്നതിൽ വിജയിച്ചിരിക്കുന്ന സഭക്ക് സഭയെ സ്നേഹിക്കുന്നവരും ദർശനമുള്ളവരും പ്രവർത്തന രംഗങ്ങളിൽ തങ്ങളുടെ കഴിവ് തെളിയിച്ചിട്ടുള്ളവരും ആയ ആത്മീയ നേതാക്കളെ കണ്ടുപിടിച്ച് അവരെ സ്ഥാപനങ്ങൾക്ക് ജീവനും, ചൈതന്യവും നൽകുന്നതിനും വേണ്ടി ഉപയോഗിക്കുവാൻ കഴിയും. അതിനു വേണ്ട ധീരമായ നേതൃത്വം അങ്ങു നൽകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

സഭാ മേലദ്ധ്യക്ഷൻ പ്രധാനമായും പട്ടത്വ സമൂഹത്തിന്റെ പിതാവാണ് എന്ന ബോദ്ധ്യം അങ്ങക്കും ഉണ്ടല്ലോ. ആധുനീക ലോകത്തിന്റെ- പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു പിടിക്കുന്നതിൽ നേതൃത്വം നൽകുവാൻ കഴിവുള്ളവരും ശിക്ഷണം ല

ഭിച്ചവരുമായ ഒരു പട്ടത്വ സമൂഹത്തെയാണ് ഇന്ന് ആവശ്യമുള്ളത്. ദൈവഹിതത്തിന് വിധേയപ്പെട്ടും കുരിശിന്റെ ദർശനത്തിൽനിന്നും ലഭിക്കുന്ന വിനയത്തോടും സഭാംഗങ്ങളെ സംബന്ധിച്ചടത്തോളം ശ്രേഷ്ട് ഇടയനോടുള്ള അനുസരണത്തിലും, അവർ പ്രവർത്തിക്കണം. അതിനു വേണ്ട പരിപാടികൾ ഉടൻ തന്നെ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് അടിയന്തരമായ ഒരു ആവശ്യമാണ്. സഭാ ജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് താമസം കൂടാതെ പരിഹാരം കണ്ടുപിടിക്കുക, സാമ്പത്തിക കാര്യത്തിൽ പൂർണ്ണമായ അച്ചടക്കം പാലിക്കുക, അക്കാര്യത്തിൽ മാതൃക അയിരിക്കുകയും ചെയ്യുക, അപ്പോഴപ്പോൾ ഉണ്ടാകുന്ന വിഭിന്ന ആശയങ്ങൾ സമന്വയിപ്പിച്ചു കൊണ്ടു പോകുക എന്നിവയെല്ലാം ഒരു സഭാദ്ധ്യക്ഷനെ സംബന്ധിച്ചടത്തോളം വളരെ പ്രധാനപ്പട്ട കാര്യങ്ങളാണല്ലോ. കൂടാതെ സഭാ കമ്മറ്റികൾ, ബോർഡുകൾ എന്നിവയുടെ പ്രവർത്തനം തികച്ചും ജനാധിപത്യപരമായ രീതിയിൽ തന്നെ നടത്തപ്പെടണം. അങ്ങ് മദ്ധ്യകേരള മഹായിടവകയുടെ ബഷപ്പായി അവരോധിക്കപ്പെടുമ്പോൾ സി. എസ്. ഐ സഭയുടെ തനിമ, ജീവിതത്തിലും പ്രവർത്തനങ്ങളിലും പ്രതിഫലിച്ചു കാട്ടുവാൻ ഇടയാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ദൈവനീതിയിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതിക്കു വേണ്ടി ലോകം വെമ്പൽ കൊള്ളുകയാണ്. ദൈവരാജ്യത്തിന്റെ മുന്നോടിയെന്നു അവകാശപ്പെടുന്ന സഭയിൽ പണത്തിനും സ്വജനപക്ഷാപാതത്തിനും അധികാരമോഹത്തിനും ഇന്നു ലഭിച്ചിരിക്കുന്ന നിർണ്ണായക സ്വാധീനത്തിനു അറുതി വരുത്തി സ്ഥാപിത താല്പര്യങ്ങൾ വെച്ചുപുലർത്തുവാൻ സഹായിക്കുന്ന ചട്ടക്കൂടുകളെ ഉടച്ചു വാർത്ത് നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ലോകവ്യവസ്ഥിതി സംജാതമാക്കുന്ന ചട്ടകൂടിനു രൂപം നൽകാൻ ദൈവം അങ്ങയെ പ്രാപ്തനാക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അതിനു വേണ്ടി യുവജനങ്ങളെ ആഹ്വാനം ചെയ്യുവാൻ അങ്ങക്കിടയാകട്ടെ എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

ഈ കാര്യങ്ങൾ പ്രായോഗികമാകണമെങ്കിൽ മഹായിടവകയിലെ സകല ജനങ്ങളെയും സംയോജിപ്പിക്കുകയും അവരുടെ കഴിവുകളെയും സമർപ്പണത്തെയും സമാഹരിച്ച് ശുശ്രൂഷക്കു വേണ്ടി തിരിച്ചു വിടുകയും വേണം. തിരഞ്ഞെടുപ്പുകാലത്ത് സ്വാഭാവികമായി ഉണ്ടായേക്കാവുന്ന അകൽച്ചകൾ മറന്ന് "പാനലിൽ" ഉൾപ്പെട്ടിരിക്കുന്ന മറ്റാളുകളെ മാത്രമല്ല, നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നവരേയും മറ്റുള്ളവരേയും ഒരുമിപ്പിച്ചു കൊണ്ടു പോകുവാൻ അങ്ങ് ആത്മാർത്ഥമായി ശ്രമിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അവരെല്ലാവരും ദൈവരാജ്യത്തിനു വേണ്ടി പ്രവർത്തിക്കുവാനുള്ള കൂട്ടു വേലക്കാരാണല്ലോ. അതിനു വേണ്ടിയുള്ള ശ്രമമാണ് അങ്ങ് ആദ്യമായി ആരംഭിക്കേണ്ടത് എന്നും ഞങ്ങൾ കരുതുന്നു.

ഇതിനെല്ലാം ആവശ്യമായ കൃപ ഉയരത്തിൽ നിന്നും ലഭിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കുന്നു. ആത്മാർത്ഥമായ പിന്തുണ വാഗ്ദാനവും ചെയ്യുന്നു.

എന്ന്,

1. റവ. തോമസ് ചെറിയാൻ, തിരുവല്ല.
2. റവ. എ. സി. ഉമ്മൻ, കവിയൂർ.
3. റവ. കെ. സി. മാത്യു, മാങ്ങാനം.
4. റവ. പി. റ്റി. തോമസ്, ക്രൈസ്തവാശ്രമം
5. പ്രൊഫ. മാത്യു കോശി, പുന്നയ്ക്കാട്.
6. അഡ്വ. കെ. ഐ. നൈനാൻ, ഒളശ്ശ.
7. ശ്രീ. വി. ജെ. ജോസഫ്, പുതുപ്പള്ളി.
8. പ്രൊഫ. മാമ്മൻ വർക്കി, മാവേലിക്കര.
9. റവ. പി. ഓ. വറുഗീസ്, മല്ലപ്പള്ളി.
10. ശ്രീമതി ഡോ. അന്നമ്മ നൈനാൻ മാത്യു, മല്ലപ്പള്ളി
11. ശ്രീ. എം. പി. ജോൺ, മച്ചുകാട്.
12. ശ്രീ. ടി. ബി. ജോൺ, കുന്നന്താനം.
13. റവ. സി. സി. ജയിക്കബ്, കാനം.
14. റവ. ഡോ. ജയിക്കബ് വറുഗീസ്, തിരുവനന്തപുരം.
15. ശ്രീ. വൈ. മാത്യു, കോടുകുളഞ്ഞി.
16. റവ. സി. ജെ. ദാസ്, കറ്റാനം.
17. ശ്രീ. മാത്യു പി. ഇടിക്കുള, ചിക്കാഗോ
18. റവ. പി. എം. കോശി, പുന്നയ്ക്കാട്.
19. കൊമ്മ ടി. ജെ. കുന്നങ്കേരിൽ, അയ്മനം.
20. റവ. സുഗു ജോൺ ചാണ്ടി, കഞ്ഞിക്കുഴി.
21. ശ്രീ. ജോർജ്ജ് വർക്കി, പൂവത്തൂർ.
22. ശ്രീമതി ഏലിയാമ്മ മാത്യു, പുതുപ്പള്ളി.
23. റവ. ഡോ. നൈനാൻ മാത്യു, തലവടി.
24. ശ്രീ. സി. ജോൺ മത്തായി.
25. ഡോ. ജയിക്കബ് ചാണ്ടി, മുട്ടമ്പലം.

***Sermon, preached during the Holy Communion Service in the Cathedral before the Biship's Election on Tuesday, 15th June, 1993.***

*ലൂക്കോ: 18:8.*

*"മനുഷ്യപുത്രൻ വരുമ്പോൾ, അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?"*

വിധവയുടെയും ന്യായാധിപൻെറയും ഉപമയിൽ നിന്നാണ് ഞാൻ ഈ വാക്യം തിരഞ്ഞെടുത്തത്. വിശു. ലൂക്കോസ് പറയുന്നത്, മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതിൻെറ ആവശ്യകത വിശദമാക്കുന്നതിനാണ് കർത്താവ് ഈ ഉപമ പറഞ്ഞതെന്നത്രെ. ഈ ഉപമയുടെ ലക്ഷ്യം ശിഷ്യൻമാരുടെ വിശ്വാസം ഉറപ്പിക്കുക എന്നുള്ളതാണെന്ന്, ഉപമയുടെ അവസാനത്തിൽ കൊടുത്തിരിക്കുന്ന ചോദ്യം വ്യക്തമാക്കുന്നുണ്ട്. "മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?"

ഭാവിയിൽ സംഭവിക്കുവാനുള്ള കാര്യങ്ങളെക്കുറിച്ചോർക്കുമ്പോൾ, ശിഷ്യൻമാരുടെ വിശ്വാസം സുപ്രധാനമായ ഒരു കാര്യമാണ്. അവരുടെ വിശ്വാസം തളർന്നു പോയാൽ ഭൂമിയിൽ ക്രിസ്തുവിൻെറ സഭ സ്ഥാപിക്കുന്നതിനുള്ള കർത്താവിൻെറ പദ്ധതി തോൽവിയുടെയും അതുകൊണ്ട് അവരുടെ ഭാഗത്ത് അചഞ്ചലമായ വിശ്വാസമാണാവശ്യം. മടുത്തു പോകാത്ത പ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ച് പഠിപ്പിക്കാനാണ് കർത്താവ് ഈ ഉപമ പറഞ്ഞതെന്ന് ലൂക്കോസ് പറയുന്നതിൽ തെറ്റില്ല. കാരണം, പ്രാർത്ഥനയും വിശ്വാസവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. വിശ്വാസത്തെ താങ്ങി നിർത്തുന്നത് പ്രാർത്ഥനയാണ്. പ്രാർത്ഥനയിൽ മടുത്തുപോയാൽ നമ്മുടെ വിശ്വാസം തണുത്തുപോകുകയും ചെയ്യും. വിശ്വാസമില്ലാത്ത പ്രാർത്ഥന നിരർത്ഥകവുമാണ്.

ഈ ഉപമയിൽ 2 കഥാപാത്രങ്ങളാണുള്ളത്. ഒന്ന്, ദൈവഭയമില്ലാത്തവനും, നീതി കെട്ടവനുമായ ഒരു ന്യായാധിപതി മറ്റേതാകട്ടെ നിസ്സഹായിയായ ഒരു വിധവ. അവൾക്കു യാതൊരു സ്വാധീനവുമില്ല. കൈക്കൂലി കൊടുക്കുവാൻ പണവുമില്ല. എന്നാൽ അവൾ ഒരു കാര്യം ചെയ്തു. ന്യായാധിപൻെറ അടുക്കൽ ചെന്ന് തനിക്കു ന്യായം നടത്തി തരണമെന്ന് മുട്ടിപ്പായി വീണ്ടും വീണ്ടും അപേക്ഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ, നീതിബോധം കൊണ്ടൊന്നുമല്ലെങ്കിലും, വിധവ ശല്യപ്പെടുത്തുന്നതുകൊണ്ട് അയാൾ അവൾക്ക് നീതി നടത്തിക്കൊടുത്തു. ഒരു നീതികെട്ട ന്യായാധിപതി ഇങ്ങനെ ചെയ്യുമെങ്കിൽ, നീതിമാനും സ്നേഹവാനുമായ ദൈവം, രാവും പകലും തന്നോടു മുട്ടിപ്പായി നിലവിളിക്കുന്ന തൻെറ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങൾക്ക് നീതി നടത്തി കൊടുക്കാതിരിക്കുമോ? ഈ ഉപമ പറഞ്ഞിട്ട് കർത്താവു ചോദിച്ചു 'മനുഷ്യപുത്രൻ വരുമ്പോൾ, ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?'

ഇന്ന് ഏറ്റവും ഭയഭക്തികരവും, ഗൗരവമേറിയതുമായ ഒരു ചുമതല നിർവഹിക്കുവാനായിട്ടാണ് നാം ഒരുമിച്ചുകൂടിയിരിക്കുന്നത്. ദക്ഷിണേന്ത്യാസഭ രൂപീകൃതമായതിൻെറ ശേഷം നാം ഒരു ബിഷപ്പ് തിരഞ്ഞെടുപ്പു നടത്തുന്നത് നാലാമത്തെ പ്രാവശ്യമാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് ഈ പ്രാവശ്യം ഒരു പ്രത്യേകത കാണുന്നത്, പ്രാർത്ഥനയെക്കുറിച്ച് അധികമൊന്നും ആരും പറഞ്ഞു കേൾക്കുന്നില്ല എന്നുള്ളതാണ്. പള്ളികളിൽ ഔപചാരികമായ പ്രാർത്ഥന നടക്കുന്നുണ്ട്. മുൻ അവസരങ്ങളിൽ മുഴുരാത്രി പ്രാർത്ഥനകളും മറ്റും സ്വമേധയാ നമ്മുടെ ജനങ്ങളും പ്രവർത്തകരും ഏർപ്പാടു ചെയ്തിരുന്നു. ഈ പ്രാവശ്യം അതിനെക്കുറിച്ചൊന്നും അധികം ആരും പറഞ്ഞു കേൾക്കുന്നില്ല. ഈ ശുശ്രൂഷയിലെ ഹാജർതന്നെ അതിനു സാക്ഷ്യം വഹിക്കുന്നുമുണ്ട്. കൗൺസിൽ സമ്മേളനത്തിൻെറ നോട്ടീസിൽ പ്രാർത്ഥനയ്ക്കു വളരെ പ്രാധാന്യം നല്കിയിട്ടുണ്ടെന്നുള്ളതു ശ്രദ്ധേയമാണ്.

ദക്ഷിണേന്ത്യാ സഭയിൽ നമ്മുടെ പിതാക്കൻമാർ ബിഷപ്പ് തിരഞ്ഞെടുപ്പിനെക്കുറിച്ച് ഭരണഘടനയിൽ ചില പ്രമാണങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് മഹായിടവകയെ പ്രതിനിധീകരിക്കുന്ന ഡയോസീസൻ കൗൺസിലും, ദക്ഷിണേന്ത്യാ സഭയെ മുഴുവനും പ്രതിനിധീകരിക്കുന്ന സിനഡും ചേർന്ന് പരിശുദ്ധാത്മ സഹായത്തോടെ വേണം ഈ തിരഞ്ഞെടുപ്പു നടത്തുവാൻ. നമ്മുടെ ഡയോസീസൻ കൗൺസിൽ ഇന്നു സമ്മേളിച്ചിരിക്കുന്നത്, ദൈവത്തിലുള്ള വിശ്വാസത്തോടും, ആശ്രയത്തോടും കൂടി പരിശുദ്ധാത്മ നടത്തിപ്പിനായി പ്രാർത്ഥിച്ചുകൊണ്ട് 4 പേരിൽ കവിയാത്ത ഒരു പാനൽ തയ്യാറാക്കി സിനഡിലേക്ക് അയച്ചു കൊടുക്കുവാനാണ്. കഴിയുമെങ്കിൽ 4 പേരുകൾ അയക്കണം. 2 പേരിൽ കുറയാൻ പാടില്ലെന്നാണ് നിയമം. സിനഡ് നിയമിച്ചിട്ടുള്ള ഒരു പ്രത്യേക സമിതി സമ്മേളിച്ച്, ദൈവാശ്രയത്തോടുകൂടി പരിശുദ്ധാത്മ ദാനത്തിനായി പ്രാർത്ഥിച്ചുകൊണ്ട് ഒരാളെ തിരഞ്ഞെടുക്കുകയും, സിനഡ് നിർവ്വാഹകക്കമ്മിറ്റി അയാളെ യഥാസമയം ഈ മഹായിടവകയുടെ ബിഷപ്പായി നിയമിക്കുകയും ചെയ്യും.

ചിലപ്പോൾ അങ്ങനെ നിയമിക്കപ്പെടുന്ന ആൾ നമ്മുടെ നോട്ടത്തിൽ വലിയ പ്രഗത്ഭനൊന്നുമല്ലായിരിക്കാം. എന്നാൽ, ദൈവം തിരഞ്ഞെടുത്തവരെ, താൻ പരിശുദ്ധാത്മാവിന്റെ നൽവരങ്ങളാൽ നിറച്ചു ശക്തിപ്പെടുത്തി തിരുസഭയുടെ വളർച്ചയ്ക്കു മുഖാന്തരക്കാരാക്കിതീർക്കും. അതാണ് ദക്ഷിണേന്ത്യാ സഭയുടെ അനുഭവം. ബിഷപ്പ് സുമിത്ര, ബിഷപ്പ് ജബരാജ്, ബിഷപ്പ് സോളമൻ, ബിഷപ്പ് യേശുദാസൻ, ബിഷപ്പ് കാൾ എന്നിവരെല്ലാം ഏറ്റവും പ്രഗത്ഭൻമാരായ മിഷ്യനറി ബിഷപ്പൻമാർ ഭരിച്ച മഹായിടവകകളെ അതിശയകരമായ പുരോഗതിയിലേക്കു നയിക്കുവാൻ മുഖാന്തിരക്കാരായി ദൈവം ഉപയോഗിച്ചിട്ടുള്ളവരാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിൽ മുറപ്രകാരം അങ്ങു വോട്ടു ചെയ്താൽപോലെ? വിശ്വാസത്തിനും പ്രാർത്ഥനയ്ക്കും ഒക്കെയുള്ള സ്ഥാനം എന്താണ്? പ്രാത്ഥനയ്ക്കു വലിയസ്ഥാനമുണ്ട്. കാരണം, നമ്മുടെ കർത്താവു നമ്മെ പഠിപ്പിച്ചിരിക്കുന്നതങ്ങനെയാണ്. അപ്പോസ്തലൻമാരെ തിരഞ്ഞെടുക്കുന്നതിനു മുമ്പായി യേശുക്രിസ്തു, "പ്രാർത്ഥിക്കേണ്ടതിന് ഒരു മലയിൽ ചെന്ന് ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു. നേരം വെളുത്തപ്പോൾ അവൻ ശിഷ്യൻമാരെ അടുക്കെ വിളിച്ച്, അവരിൽ 12 പേരെതിരഞ്ഞെടുത്തു; അവർക്ക് അപ്പോസ്തലൻമാർ എന്നു പേർ വിളിച്ചു" (ലൂക്കോ 6:12). അവരുടെ പിൻഗാമികളായ ബിഷപ്പൻമാരെ തിരഞ്ഞെടുക്കുന്നതിന്, അല്പ വിശ്വാസികളായ നാം എത്ര തീഷ്ണതയോടുകൂടി പ്രാർത്ഥിക്കേണ്ടതാണ്!

നമ്മുടെ കർത്താവിന്റെ ജീവിതത്തിൽ, പ്രാർത്ഥന എത്ര വലിയ ഒരു ശക്തിയായിരുന്നു എന്ന് വിശു: ലൂക്കോസ് വ്യക്തമാക്കുന്നുണ്ട്. യേശു തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിങ്കൽ യോഹന്നാന്റെ പ്രസംഗയോഗത്തിൽ സംബന്ധിച്ചു. ജനം എല്ലാം സ്നാനം ഏല്ക്കുകയിൽ യേശുവും സ്നാനമേറ്റു. പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു, പരിശുദ്ധാത്മാവു ദേഹരൂപത്തിൽ പ്രാവ് എന്നപോലെ അവന്റെ മേൽ ഇറങ്ങി വന്നു. നീ എന്റെ പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായി. (ലൂക്കോ 3: 21,22,

പിന്നീട്, മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു വേണ്ടി ക്രൂശിൽ മരിക്കേണ്ടി വരുമെന്ന് നിശ്ചയമായപ്പോൾ കർത്താവു പ്രാർത്ഥിക്കുവാൻ മലയിലേക്കു കയറിപ്പോയി. "പ്രാർത്ഥിക്കുമ്പോൾ മുഖത്തിന്റെ ഭാവം മാറി, ഉടുപ്പു മിന്നുന്ന വെള്ളയായി തീർന്നു. രണ്ടു പുരുഷൻമാർ അവനോടു സംസാരിച്ചു. മോശയും ഏലിയാവും തന്നെ. അവർ തേജസ്സിൽ പ്രത്യക്ഷരായി അവൻ യെരുശലേമിൽ പ്രാപിക്കുവാനുള്ള നിര്യാണത്തെക്കുറിച്ചു സംസാരിച്ചു. ലൂക്കോ. 9:30, 31.

ക്രൂശികരണത്തിനു തലേ രാത്രിയിൽ യേശു ഗത്ത്ശെമെനെ തോട്ടത്തിൽ പ്രാണവ്യഥയിലായി പ്രാർത്ഥിക്കുമ്പോൾ, അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവനു പ്രത്യക്ഷനായി. ലൂക്കോ 22: 48.

ആദിമ സഭയുടെ ചരിത്രത്തിലും പ്രാത്ഥ. യുടെ ശക്തി നാം കാണുന്നു. ദൈവജനത്തിന് ദൈവത്തിലുള്ള വിശ്വാസവും, ആശ്രയവും ശക്തിപ്പെടുത്തിയതും പ്രാർത്ഥനയായിരുന്നു. സഭയ്ക്കു പ്രതിസന്ധിഘട്ടങ്ങൾ നേരിട്ടപ്പോൾ വിശ്വാസത്തിൽ തളർന്നു പോകാതിരിക്കുവാൻ അവർ മുട്ടിപ്പായി പ്രാർത്ഥിച്ചു. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ ഹേരോദാവു വാൾ കൊണ്ടു കൊല്ലിച്ചു എന്ന് പ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. പത്രോസിനെ അവർ പിടിച്ച് കാരാഗൃഹത്തിലിട്ടു. സഭ ഒരുമിച്ചു കൂടി രാത്രി മുഴുവനും ശ്രദ്ധയോടെ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. 16 പട്ടാളക്കാരുടെ കാവലിൽ ഇരുമ്പുചങ്ങലയാൽ ബന്ധിക്കപ്പെട്ട പത്രോസിനു വേണ്ടി അവർ പ്രാർത്ഥിക്കയിൽ, അർദ്ധരാത്രിയിൽ അവന്റെ ചങ്ങല താനേ അഴിഞ്ഞു വീണുപോയി. കാരാഗൃഹത്തിന്റെ വാതിൽ തുറക്കപ്പെട്ടു. തട്ടി ഉണർത്തപ്പെട്ട പത്രോസ് തെരുവീഥികളിൽ കൂടി നയിക്കപ്പെട്ടു. പട്ടണത്തിന്റെ ഇരുമ്പുവാതിൽ താനേ തുറന്നു. ദൈവജനം മുട്ടിപ്പായി പ്രാർത്ഥിച്ചു കൊണ്ടിരുന്ന പടിപ്പുരവാതിൽവരെയും അവനെ ആ അദൃശ്യക്കരങ്ങൾ അതിശയകരമായി വഴി നടത്തി.

ഇന്നത്തെ നമ്മുടെ പരിപാടികൾ ഒരുവിശുദ്ധ സംസർഗ്ഗ ശുശ്രൂഷയോടു കൂടിയാണ് ആരംഭിക്കുന്നത്. ഓരോ പ്രാവശ്യവും തിരുവത്താഴം അനുഷ്ഠിക്കുമ്പോൾ സ്വർഗ്ഗത്തിൽ ഒരു വാതിൽ നമുക്കായി തുറക്കപ്പെടുന്നു. അതിൽ കൂടി നാം ദൈവത്തിന്റെ സന്നിധിയിലേക്കു പ്രവേശിച്ച് ദൈവദൂതൻമാരോടും, പ്രധാനദൈവദൂതൻമാരോടും, അപ്പോസ്തലൻമാർ, പ്രവാചകൻമാർ, രക്തസാക്ഷികൾ, നമുക്കു മുമ്പായി ദൈവത്തിലുള്ള വിശ്വാസത്തിലും ഭയഭക്തിയിലും കടന്നു പോയിട്ടുള്ള വിശുദ്ധൻമാർ, ബിഷപ്പൻമാർ, പട്ടക്കാർ അയ്മേനികൾ, ലോകത്തിലെങ്ങുമുള്ള വിശ്വാസികൾ എന്നിവരോടും ചേർന്ന് നാം ദൈവത്തെ ആരാധിക്കുന്നു.

വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ സഭയുടെ വലിയ പ്രാർത്ഥനാ യോഗമാണ്. കർത്താവിന്റെ കഷ്ടപ്പാ

ടിനെയും മരണത്തെയും ഓർക്കുന്ന ഈ ശുശ്രൂഷയിൽ നാം ദൈവ സന്നിധിയെ സമീപിക്കുവാൻ ധൈര്യപ്പെടുന്നത് യേശുവിൻെറ തിരുരക്തത്തിൽ ആശ്രയിച്ചുകൊണ്ടാണ്. ഈ ശുശ്രൂഷയിൽ, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റ് എന്നേക്കും ജീവിക്കുവനായ കർത്താവു തൻെറ വാഗ്ദത്ത പ്രകാരം നമ്മുടെ നടുവിൽ സന്നിധാനം ചെയ്തിരിക്കുന്നു. ശരീരത്തിൻെറ കണ്ണുകൾ കൊണ്ട് അവനെ നമുക്കു കാൺമാൻ കഴിയുന്നില്ല. എന്തെന്നാൽ ദൈവം ആത്മാവാകുന്നു. അതുകൊണ്ട് നാം അവനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു. അവൻ നമ്മെ ഓരോരുത്തരെയും സമീപിച്ച്, യെരിഹോവിലെ കുരുടനോടു ചോദിച്ചതുപോലെ "ഞാൻ നിനക്ക് എന്തു ചെയ്തുതരണമെന്ന്" ചോദിച്ചാൽ നാം എന്തു പറയും? നിശ്ചിതമായ ഒരു ഉദ്ദേശ്യത്തോടു കൂടിയാണോ നാം ദൈവസന്നിധിയിൽ വന്നിരിക്കുന്നത്? "ഡയോസീസൻ കൗൺസിലിൽ സംബന്ധിക്കുവാൻ വന്നു എന്നേയുള്ളൂ" എന്നു പറയുമോ? അതോ, "ഡയോസീസൻ കൗൺസിൽ അംഗമായി, മഹായിടവകയിലെ തിരുസഭയുടെ ഒരു കാര്യ വിചാരകനായി എന്നെ വിളിച്ചതുകൊണ്ടു അങ്ങേയ്ക്കു സ്തോത്രം ചെയ്യുന്നു. എൻെറ പാപങ്ങളെയും കുറ്റങ്ങളെയും എന്നോടു ക്ഷമിക്കേണമേ. ഇന്നു നടക്കുവാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ തിരുവിഷ്ടപ്രകാരം എൻെറ വോട്ടു രേഖപ്പെടുത്തുവാൻ ആവശ്യമുള്ള ജ്ഞാനം എനിക്കു തരേണമേ. പരിശുദ്ധാത്മാവിൻെറ നൽവരം - ജ്ഞാനത്തിൻെറയും വിവേകത്തിൻെറയും നൽവരം എനിക്കു നല്കേണമേ" എന്നു പറയുവാൻ കഴിയുമോ? അങ്ങനെ പരമാർത്ഥതയോടു കൂടി പ്രാർത്ഥിച്ച്, നമ്മെത്തന്നെ കർത്താവിൻെറ സേവയ്ക്കായി വീണ്ടും ഏല്പിച്ചു കൊണ്ട് തിരഞ്ഞെടുപ്പു രംഗത്തേക്കു പോകുവാൻ ഇന്ന് നമുക്ക് ഓരോരുത്തർക്കും ഇടയായാൽ ഈ കൗൺസിൽ യോഗം എത്ര അനുഗൃഹീതമായി തീരും! ഈ വിശ്വാസം നമുക്കുണ്ടോ?

ശുശ്രൂഷയ്ക്കുശേഷം നാം തിരഞ്ഞെടുപ്പു യോഗത്തിൽ സംബന്ധിക്കും. ഒരു അയ്മേനി നേതാവാണ് അതിൽ അദ്ധ്യക്ഷം വഹിക്കുന്നത്. കഴിഞ്ഞ 12 വർഷം ഈ മഹായിടവകയുടെ പ്രധാന ഇടനായിരുന്ന ബിഷപ് തൽസ്ഥാനത്തു നിന്നും വിരമിക്കുവാൻ പോകുകയാണ്. മഹായിടവക വലിപ്പത്തിൽ ചുരുങ്ങിയിട്ടുണ്ടെങ്കിലും, അത് പലവിധത്തിലും വളർന്ന് കൊണ്ടാണിരിക്കുന്നത്. പലവിഷമ പ്രശ്നങ്ങളെയും നമുക്ക് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു പുതിയ അദ്ധ്യക്ഷനെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി നാം കൂടിയിരിക്കുകയാണ്. സഭയുടെ ഭാവിയെ സംബന്ധിച്ച് നാം വിഷമിക്കേണ്ട കാര്യമൊന്നുമില്ല. സഭയുടെ നാഥനായ ക്രിസ്തു നമ്മുടെ മദ്ധ്യത്തിലുണ്ട്. ഇതു നാം വിശ്വസിക്കുന്നുവോ? വെളിപ്പാടു പുസ്തകം 1-ാം അദ്ധ്യായത്തിൽ നിന്നു മുമ്പേ നാം വായിച്ചുകേട്ട ആ ദർശനത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ഞാൻ ക്ഷണിക്കട്ടെ. ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിൻെറ അവസാന കാലത്ത് ഡൊമിഷ്യൻ ചക്രവർത്തി ഭരണം നടത്തുമ്പോൾ റോമാസാമ്രാജ്യത്തിലെങ്ങും ക്രിസ്ത്യാനികൾക്കു പീഡനമുണ്ടായി. ഏഷ്യാമൈനറിലുള്ള സഭകളിലൊക്കെയും ചുറ്റി സഞ്ചരിച്ചു വേല ചെയ്തിരുന്ന യോഹന്നാനെ അവർ ഒരു തടവുകാരനായി പിടിച്ച് പത്മോസ് എന്ന ദ്വീപിലേക്കു നാടുകടത്തി. യോഹന്നാൻ അവിടെ കിടന്നു കൊണ്ട് പീഡനിപ്പിക്കപ്പെടുന്ന സഭകളെക്കുറിച്ച് ചിന്താകുലപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ആണ് ഈ ദർശനം കാണുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവ് പീഡിപ്പിക്കപ്പെടുന്ന സഭകളുടെ നടുവിൽ, മാറത്തു പൊൻകച്ച കെട്ടി, അവയുടെ മഹാപുരോഹിതനായി നില്ക്കുന്നു. അവൻെറ തലയും തലമുടിയും വെളുത്ത പഞ്ഞി പോലെ ഹിമത്തോളം വെള്ളയായിരുന്നു. അവർക്കു പ്രത്യക്ഷനായ കർത്താവ് മഹാപരിശുദ്ധനാണ്. അവൻെറ കണ്ണ് അഗ്നിജ്വാലയ്ക്കൊത്തതായിരുന്നു. മനുഷ്യഹൃദയങ്ങളിലേക്കു കിഴിഞ്ഞിറങ്ങി അതിലെ രഹസ്യങ്ങൾ, ആശങ്കകൾ, ഭയം ഇതെല്ലാം മനസ്സിലാക്കുവാൻ ആ കണ്ണുകൾക്കു കഴിയും. കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശം. വിപരീത ശക്തികളെ ഒക്കെയും കാല്ക്കീഴെ ചവുട്ടി മെതിയ്ക്കുവാൻ ശക്തിയുള്ളവനാണവൻ. അവൻെറ മുഖം സൂര്യപ്രകാശം പോലെ മഹത്വമേറിയതായിരുന്നു. അവൻെറ വലങ്കയ്യിൽ നക്ഷത്രങ്ങൾ ഉണ്ടായിരുന്നു. അത് ഏഷ്യാമൈനറിലുള്ള സഭകളുടെ ദൂതൻമാരാണെന്ന് പറഞ്ഞിട്ടുണ്ട്. ഉയിർത്തെഴുന്നേറ്റ കർത്താവ് തൻെറ സകല മഹത്വത്തിലും ശക്തിയിലും പീഡിപ്പിക്കപ്പെടുന്ന സഭകളുടെ സകല കാര്യങ്ങളും തൻെറ ഉള്ളങ്കയ്യിൽ വഹിച്ചു കൊണ്ടു നില്ക്കുന്നു. യോഹന്നാൻ അവൻെറ കാല്ക്കൽ സാഷ്ടാംഗം വീണു. ഉയിർത്തെഴുന്നേറ്റ കർത്താവ് തൻെറ വലങ്കൈ അവൻെറ മേൽ വെച്ചു അവനോടു പറഞ്ഞു, "ഭയപ്പെടേണ്ടാ; ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു". സഭയുടെ സുപ്രധാനമായ ഈ യോഗത്തിലും ഉയിർത്തെഴുന്നേറ്റ് എന്നേക്കും ജീവിക്കുന്ന കർത്താവിൻെറ സാന്നിദ്ധ്യം ഉണ്ട്. അവൻെറ ജ്വലിക്കുന്ന കണ്ണു നമ്മുടെ മേൽ പതിഞ്ഞിരിക്കുന്നു. നമ്മുടെ

പ്രശ്നങ്ങളും, ആശങ്കകളും,. പ്രയാസങ്ങളുമെല്ലാം അവൻ തൻെറ ഉള്ളങ്കയ്യിൽ വഹിച്ചിരിക്കുന്നു. നാം നമ്മെ ഏല്പിച്ചിരിക്കുന്ന ചുമതല വിശ്വസ്തതയോടെ നിർവ്വഹിക്കുമോ?

നാം ഇന്ന് ഇവിടെ കൂടിയിരിക്കുന്നത് ഡയോസീസൻ കൗൺസിൽ അംഗങ്ങളായിട്ടാണ്. നമ്മെ ഓരോരുത്തരെയും തിരിഞ്ഞെടുത്തിരിക്കുന്ന സഭയുടെയോ, സ്ഥാപനയുടെയോ മാത്രം പ്രതിനിധികളായിട്ടല്ല. ഈ മഹായിടവകയിലെ 375 സഭകളിലെ 75,000 ജനങ്ങളുടെയും പ്രതിനിധികളായിട്ടാണ്. ഈ മഹായിടവകയിലെ ദൈവത്തിൻെറ സഭയുടെ വിശ്വസ്ത കാര്യവിചാരകൻമാരായിട്ടാണ്. നമ്മെ തിരഞ്ഞെടുത്ത സഭയുടെയോ സ്ഥാപനയുടെ ഇഷ്ടാനുസരണം വോട്ടു ചെയ്യുവാനല്ല. ഏതെങ്കിലും ഒരു പാർട്ടിയെയോ, വ്യക്തിയേയോ വിജയിപ്പിക്കുവാനല്ല. ഏതെങ്കിലും ഒരു തന്ത്രം അനുസരിച്ച് പ്രവർത്തിക്കുവാനുമല്ല.

ദൈവയിഷ്ടം മാത്രം നടക്കണമെന്നാഗ്രഹിച്ചുകൊണ്ടും, പരിശുദ്ധാത്മ നടത്തിപ്പിനായി പ്രാർത്ഥിച്ചുകൊണ്ടും നിങ്ങളുടെ മുമ്പാകെയുള്ള ലിസ്റ്റിൽ നിന്ന്, ഏറ്റവും യോഗ്യരെന്നു നിങ്ങളുടെ മനഃസാക്ഷി തോന്നിച്ചു തരുന്ന ആളുകൾക്കു വോട്ടു ചെയ്യുവാനാണ്. ചിലപ്പോൾ ഒന്നിലധികം പ്രാവശ്യം വോട്ടെടുപ്പു നടത്തേണ്ടി വന്നേക്കാം.

ഓരോ പ്രാവശ്യവും യാതൊരു മുൻവിധിയും കൂടാതെ നിങ്ങൾക്കു പരമാവധി വോട്ടു ചെയ്യുവാൻ അവകാശമുള്ളത്രയും പേർക്ക് പ്രാർത്ഥനാപൂർവ്വം വോട്ടു ചെയ്യേണ്ടതാണ്. കഴിയുന്നിടത്തോളം 4 പേരടങ്ങിയ ഒരു പാനൽ നാം സമർപ്പിക്കണം. കഴിയുമെങ്കിൽ സിനഡിനും സുഗമമായി പ്രവർത്തിക്കുന്നതിന് അതു സഹായകരമാകുമല്ലോ.

അതോടുകൂടി നിങ്ങളുടെ ചുമതലകൾ അവസാനിക്കുന്നില്ല. നാം തുടർന്നു പ്രാർത്ഥിക്കണം. സിനഡ് നിയമിച്ചിട്ടുള്ള കമ്മറ്റിയും പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ടിട്ട് ദൈവഹിത പ്രകാരമുള്ള ഒരിടയനെ നമുക്കു തിരഞ്ഞെടുത്തു നിയമിച്ചു തരേണ്ടതിന് നാം ജാഗ്രതയോടെ പ്രാർത്ഥിച്ചു കൊണ്ടിരിക്കേണ്ടതാണ്. പ്രാർത്ഥന, ദൈവത്തിൻെറ അനുഗ്രഹമുറിയുടെ പൂട്ടുകൾ തുറക്കുന്നതിനുള്ള വിശ്വാസത്തിൻെറ താക്കോലാണ്.

ദൈവത്തിലുള്ള വിശ്വാസത്തോടും തന്നിലുള്ള പൂർണ്ണ ആശ്രയത്തോടും കൂടി ഇന്ന് നാം നമ്മുടെ ഈ പാവനമായ ചുമതല നിർവഹിക്കുമെങ്കിൽ ദൈവം നമ്മെയും നമ്മുടെ മഹായിടവകയെയും അനുഗ്രഹിക്കും.

ഈ വിശ്വാസം നമുക്കുണ്ടോ? ഉണ്ടെങ്കിൽ നമുക്കെല്ലാവർക്കും കൂടി എഴുന്നേറ്റു നിന്നുകൊണ്ട് നിഖ്യാവിശ്വാസ പ്രമാണത്തിൻെറ വാക്കുകളിൽ ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ആശ്രയവും ഭയഭക്തിയോടെ ഉറപ്പിച്ചു പറയാം.

*റൈറ്റ് റവ. ടി. ബി. ബഞ്ചമിൻ*

# നവ്യ ദർശനം

സി. എസ്. ജോർജ്

നവ്യ
ദർശനം
നവ്യ
ദർപ്പണം

മനുഷ്യമനസിൻെറ മുഖദർപ്പണം
രാജാധിരാജന് ഒരു സ്നേഹവന്ദനം
ശ്രീയേശു നാമത്തിൻ പുണ്യദർശനം

പാപ
പൊടി
ഉയരും
പാഴ്
മരുഭൂ
മിയിൽ
പെരുവ
ഴികളിൽ
ഇടവഴി
കളിൽ

വരണ്ട മനസുകൾക്ക് ഒരു കുളിരലയായി
നൊന്തു നുറുങ്ങിയ മനുജർക്ക് തേനലയായി

പുതു ലഹരിയായ്
പുതു ദർശനമായി
വാഴുക നീണാൾ
പുണ്യ ദർശനമേ.

ധ്യാനപംക്തി

# സാത്താനേ, എന്നെ വിട്ടുപോ

മത്തായി:- 16:23

റോയി - ചിക്കാഗോ

ക്രൂശിൻെറയും ത്യാഗത്തിൻെറയും മാർഗ്ഗം ജീവിതശൈലിയായി ക്രിസ്തു തെരഞ്ഞെടുത്തപ്പോൾ സാമാന്യ ബുദ്ധിയിൽ നിരുൽസാഹപ്പെടുത്തുവാൻ ശ്രമിച്ച പത്രോസിനോട് പറഞ്ഞ വാക്കുകളാണിവ. ദൈനംദിന ജീവിതത്തിൽ ക്രൈസ്തവർ ഇന്ന് പരാജയപ്പെടുന്നത് അന്ന് ക്രിസ്തു പറഞ്ഞ വാക്കുകൾ സ്വായത്തമാക്കുവാൻ കഴിവില്ലാതെ നാം തീരുന്നതിനാലല്ലേ? സഭയുടെ വിവിധ മണ്ഡലങ്ങളിലും പരാജയമടയുന്നതിൻെറ പ്രധാനകാരണം ലോക ആഡംഭരങ്ങളുടെയും സ്ഥാപിത താല്പര്യങ്ങളുടെയും മുൻപാകെ സാത്താനെ കണ്ട് വിട്ടു പോകുവാൻ ആവിശ്യപ്പെടുന്ന ധൈര്യം നഷ്ടുന്നതിനാലത്രെ.

ക്രിസ്തുവിൻെറ പരീക്ഷയുടെ അനുഭവം സാത്താൻ സാധാരണ ഉപയോഗിക്കുന്ന തന്ത്രങ്ങളെ വ്യക്തമാക്കുന്നു. വിശന്ന് ക്ഷീണിച്ചിരുന്ന കർത്താവിനെ സാഹചര്യത്തിനെത്ത് കല്ല് അപ്പമാക്കുന്ന പ്രക്രിയ കൊണ്ട് നിയന്ത്രണവിധേയനാക്കുവാൻ ശ്രമിക്കുന്നു. താൽകാലികാവിശ്യങ്ങൾ സാധിക്കുക, നേട്ടങ്ങൾ ഉണ്ടാക്കുക, മാർഗമേതായാലും അന്തം ശരിയായാൽ മതിയെന്ന് ചിന്തിക്കുക ഇവയെല്ലാം പ്രഥമസ്ഥാനം ആരംഭം മുതൽ അന്തം വരെ ദൈവരാജ്യത്തിന് നൾകുന്നതിൽ നിന്ന് നമ്മെ പരാജയപ്പെടുത്താം എന്ന് ആ മാതൃക ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ജീവിതത്തിലും ഇതു പോലുള്ള പരീക്ഷണങ്ങളാണ് ദിവസം തോറും നേരിടുന്നത്. താല്കാലിക മോചനം കിട്ടുവാനുള്ള എളുപ്പ വഴി എന്നും നമ്മെ സാത്താൻ ഉപദേശിക്കുന്നുണ്ട്. ഒരു പക്ഷേ പലപ്പോഴും ആദ്യ പരീക്ഷണങ്ങളിൽ നാം അതിജീവിച്ചു എന്നു വരാം. എന്നാൽ സാത്താനേ എന്നന്നേക്കുമായി എന്നെ വിട്ടുപോകുക എന്നു പറയാനുള്ള ക്രിസ്തീയ വിശ്വാസം നാം ആർജിച്ചിട്ടുണ്ടോ? ഇന്നത്തെ നമ്മുടെ ക്രിസ്തീയ ജീവിതത്തിൻെറ പാരാജയവും സാത്താൻെറ പരീക്ഷണങ്ങൾക്ക് എന്നന്നേക്കുമായി അടിമപ്പെടുന്നതുകൊണ്ടാണ്.

*സുഖദുഃഖങ്ങൾ നിറഞ്ഞ ലോകത്തിൽ ജീവിക്കുന്ന നാം ദൈവമേ ദരിദ്രനായിത്തന്നെ നിൻെറകൂട്ടായ്മയിൽ എന്നെ കാത്തു കൊള്ളണമേ എന്നു പ്രാർത്ഥിക്കുമാൻ തയ്യാറാകുമോ. മറിച്ച് ആഡംഭരങ്ങളും ആർഭാടങ്ങളും ഉദ്യോഗകയറ്റങ്ങളും കിട്ടണമേ എന്നല്ലേ നാം പ്രാർത്ഥിക്കാറുള്ളൂ. കർത്താവേ ലോട്ടറി അടിക്കണമേ നിരന്തരമായി പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനികളുടെ എണ്ണവും ചുരുക്കമല്ലല്ലോ.* ഈ ലോകജീവിതം അല്പമാണ് വയലിലെ താമര പോലെ അതു പൂക്കുന്നു, കാറ്റടിക്കുമ്പോൾ അത് ഇല്ലാതാകുന്നു എന്നെല്ലാം വായിച്ചു പഠിച്ച് വിശ്വസിക്കുന്നു എന്ന് അഭിമാനിക്കുന്ന നാം ദൈവത്തിൻെറ വേല ചെയ്തു ദരിദ്രനായിട്ടാണങ്കിൽ പോലും ജീവിക്കുവാൻ ആഗ്രഹിച്ചുട്ടുണ്ടോ അതിനു വേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ.

തൻെറ ജീവിതത്തിൽ എല്ലാം പ്രമാണങ്ങളും ക്രമമായി അനുസരിച്ച് ജീവിച്ച ധനവാനോട് കർത്താവ് പറഞ്ഞത് ദൈവരാജ്യത്ത് കടപ്പാൻ ഇനി നിനക്ക് ഉള്ളതു വിറ്റ് ദരിദ്രർക്ക് കൊടുക്കാനാണ്. പരാജയപ്പെട്ട ധനവാനെ ഉപമിച്ചിരുക്കുന്ന് ഒട്ടകം സൂചിക്കുഴലിലൂടെ കടക്കുന്നതിലും പ്രയാസമായിട്ടാണ്. പിന്നെന്തിനാണ് ദൈവരാജ്യം അന്വേഷിക്കുന്ന ക്രിസ്ത്യാനികൾക്ക് ഈ സമ്പത്തുകൾ, പ്രതാപങ്ങൾ, ദൈവവേല ചെയ്യേണ്ടുന്ന ക്രിസ്തീയ സഭക്ക് ഈ ആഡംഭരങ്ങൾ, ഈ മണിമാളകകൾ ദൈവവേലചെയ്യുന്ന ദൈവദാസർക്ക് ഈ സമ്പത്തിനോടുള്ള അതി തീരാത്ത ആശ. വിശ്വാസക്കുറവ് - സാത്താനേ എന്നെ വിട്ടുപോകൂ എന്നു പറയാൻ കഴിയാത്തതു കൊണ്ട് - അതല്ലേ ശരിയായ ഉത്തരം.

ഇന്നു നമ്മുടെ വ്യക്തിപരമായ ജീവിത പരാജയവും നമ്മുടെ സ്വത്തുക്കളോടുള്ള ആശയല്ലേ, താല്കാലിക നേട്ടങ്ങൾക്കു വേണ്ടി കുറുക്കു വഴികൾ ഉപയോഗിക്കുന്നു. ക്രിസ്ത്യാനികളുടെ ഏതു ജീവിത തുറകളിലും കള്ളപ്പണവും കൈക്കൂലിയുടേയും വാഴ്ചതന്നെയല്ലേ. മറ്റുള്ളവരിൽ നിന്നും നാം ഏതു രൂപത്തിലാണ് വ്യത്യസ്തർ. ഏതു സ്ഥാനത്തും കടന്നു ചെല്ലാൻ വളഞ്ഞവഴി ഉപയോഗിക്കുക. നമ്മുടെ വ്യക്തിപരമായ ജീവത്തിൽ നാം സാത്താന് അടിമയാണ്. കുടുംബ സ്നേഹത്തിൽ പോലും പണത്തിനല്ലേ പ്രഥമസ്ഥാനം. ക്രിസ്ത്യൻ വിവാഹത്തിൽ പണത്തിനു വേണ്ടി വിലപേശൽ. ജീവിക്കാൻ പണം വേണം എന്നു നാം ചിന്തിക്കാം. എന്നാൽ ഇതിനൊരു അറുതി എവിടെയാണ്. ആരെങ്കിലും

ഈ പണമെന്ന സാത്താൻെറ പിടിയിൽ നിന്നും രക്ഷപെടുമോ. കിട്ടുംന്തോറും കൂടുതൽ കിട്ടാനുള്ള ആശ. സൂചിക്കുഴ വളരെ ചെറുതാണ്. ഒട്ടകം വലുതാകുംന്തോറും കടന്നു പോകുവാൻ പ്രയാസവും കൂടും.

*ഇന്നത്തെ സഭാപ്രവർത്തകർ, ഉപദേശിമാർ, പട്ടക്കാർ, മേൽപട്ടക്കാർ ഇവർക്ക് ദൈവമേ ദരിദ്രനായി നിന്നെ സേവിപ്പാൻ കഴിയേണമേ എന്നു പ്രാർത്ഥിക്കുവാൻ കഴുയുമോ.* ഇന്നു പാപത്തിനടിമയായി തീർന്ന ഇവരിൽ എത്രയോ പേർ മറ്റു രൂപത്തിൽ നല്ലവരാണ്. ആ ധനവാനെ പോലെ ഒരു കുറവു മാത്രം. സമ്പത്തെന്ന സാത്താൻെറ അടിമ. ഇന്നു വിദേശത്തുള്ള തണലുകളിലാണ് പലരുടെയും കണ്ണും നട്ടിരിക്കുന്നത്. തെറ്റ് തെറ്റാണെന്ന് പറഞ്ഞാൽ അതിനെതിരെ ശബ്ദിച്ചാൽ മേൽപട്ടക്കാരൻെറ അപ്രീതി കിട്ടിയാൽ അതിനു വല്ല തടസ്സവും വന്നെങ്കിൽ, നല്ല മേച്ചിൽ സ്ഥലങ്ങൾ കിട്ടാതെവന്നെങ്കിൽ. ഇന്നു ക്രിസ്തീയ വേലക്കാരെ അധികാരപ്രകടനത്തിനു വേണ്ടി അമ്മാനമാടുകയല്ലേ. ഈ ആട്ടത്തിനിടയിൽ എത്രയോ ആളുകളാണ് വീർപ്പ്മുട്ടുന്നത്. വിദേശീയരോട് പ്രത്യേകിച്ചും സമ്പന്നരായ വിദേശയരോട് സുവിശേഷം അറിയിക്കുവാനാണ്. ദൈവദാസൻമാർക്ക് തിടുക്കം. ഇന്ത്യയിലെ ആളുകളോട് സുവിശേഷം പറയുവാനുള്ള കടമ ഇനിയും വിദേശീയർക്കുള്ളതാണോ.

പാശ്ചാത്യ രാജ്യങ്ങളിൽ ഇന്ന് സുവിശേഷകരുടെ അധഃപതനത്തിനു പ്രധാനകാരണം സമ്പത്താണ്. അധികാര പദവികളാണ്. ഇന്ത്യയിലും ഏതാണ്ട് ആ സ്ഥിതിയിൽനിന്നും ഒട്ടും വ്യത്യസ്ഥമല്ലോ. സമ്പത്തിനടമയാകുമ്പോൾ നാശം സംഭവിക്കുന്നു. കള്ളിനടമയാകുന്നവനെ കുടിയനെന്നു മുദ്രയടിക്കുന്ന ക്രിസ്ത്യാനികൾ സമ്പത്തെന്ന പാപത്തിനടിമയാകുന്നവരെ മുദ്രകുത്താത്തതെന്താണ്. പാശ്ചാത്യമിഷനിറമാർ ഇവിടെ സുവിശേഷീകരണത്തിനു സ്ഥാപിച്ച നമ്മുടെ ആശുപത്രികൾ ആതുരാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആ ഉദ്ദേശം എന്നേ മറന്നു കഴിഞ്ഞിരിക്കുന്നു. ഇവക്ക് ഇവയുടെ ശരിയായ ജോലി നിർവഹിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ

*ആകാശത്തിലെ പറവകളെ നോക്കുക ഇവ വിതക്കുന്നില്ല കൊയ്യുന്നില്ല. ഇവക്കു കോഴവാങ്ങുവാൻ സ്കൂൾ ഇല്ല, കോളജുകളില്ല ആശുപത്രികളില്ല, നഗര മധ്യത്തിൽ കേട്ടിടങ്ങളില്ല, പറന്നുയരാൻ വിമാനങ്ങളില്ല, മറ്റു പ്രതാപം കാണിക്കുവാൻ പണമില്ല. എങ്കിലും ദൈവം എത്രയോ മനോഹരമായി ഇവയേയും പോറ്റുന്നു. ഈ പറവകളെയല്ലോ നമുക്കു വേണ്ടത്. പിന്നെന്തിനാണ് ഈ സുഖങ്ങൾ, മാനങ്ങൾ, സ്വത്തുക്കൾ.* "സാത്താനേ എന്നെ വിട്ടുപോകൂ" എന്നു പറയുവാൻ നാം തയ്യാറാകുമോ. ഈ സാത്താൻ എത്രനാൾ നമ്മെ ഇങ്ങനെ പരീക്ഷിക്കുന്നു.

ഇന്നു നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ പാപമോചനം ലഭിക്കണമെങ്കിൽ സമ്പത്തിൽനിന്നും വിടുതൽ - സാത്താനേ, എന്നേ വിട്ടു പോകു എന്നു പറയണം. കിസ്തു തൻെറ ശിഷ്യൻമാരെ തെരഞ്ഞെടുത്തത് ഇതിനുദാഹരണമല്ലേ. വള്ളവും വലയും വലിച്ചറിഞ്ഞല്ലേ ആവർ ദൈവത്തെ പിൻതുടർന്നത്. ദൈവമേ നിൻെറ രാജ്യം വരണമേ എന്ന് ദിനവും പ്രർത്ഥിക്കുന്ന നാം ആ ദൈവരാജ്യ വരവിനു വേണ്ടി സാത്താനെ അകറ്റി നിർത്തുവാൻ തുനിയുമോ അതിനു വേണ്ടി പ്രാർത്ഥിക്കുമോ.


# U.C. College
## Alwaye-2

***Wanted resident lady wardens for Women's Hostels.***

Qualification :- A post graduate degree,
Graduates with experience in the field can also apply.

Manager.

# ദക്ഷിണേന്ത്യാസഭ
# കഴിഞ്ഞകാലം വരുന്ന കാലം

പ്രൊഫ. ടി. ബി. തോമസ്, ആലുവാ.

കഴിഞ്ഞ ഫെബ്രുവരി മാസത്തിലെ (16-28) Peoples Reporter-ൽ ബിഷപ് സുന്ദർ ക്ലാർക്ക് ദക്ഷിണേന്ത്യാ സഭയെപ്പറ്റി ഒരു ലേഖനം എഴുതിയിരുന്നു. അതിലെ പ്രസക്തമായി തോന്നുന്ന ചില ഭാഗങ്ങളാണ് ഇവിടെ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നത്.

മദ്രാസിലെ ശക്തനായിരുന്ന ഈ ബിഷപ് എന്തുകാരണം കൊണ്ടോ ആസ്ത്രേലിയായിൽ പോകയും ഒരാംഗ്ലിക്കൻ സഭയിലെ റെക്ടർ ആയി പ്രവർത്തിക്കയും ചെയ്യുന്നു.

ദക്ഷിണേന്ത്യാ സഭയുടെ ആരംഭഘട്ടവും ഇന്നത്തെ അവസ്ഥയും.

സംഘാടനാപരമായി അന്ന് സഭ യോജിപ്പിന്റെ ഒരു മാതൃകയായിരുന്നു. ഇന്ന് അപ്രകാരമാണോ? ഇന്ന് സഭ അവജ്ഞ അർഹിക്കുന്ന ഒരു സഭയായി മാറിക്കഴിഞ്ഞു. പാശ്ചാതൃലോകത്തിൽ ദക്ഷിണേന്ത്യാ സഭയ്ക്കുണ്ടായിരുന്ന നല്ല മതിപ്പ് ക്ഷയിച്ചുകൊണ്ടിരിക്കുന്നു. എപ്പിസ്കോപ്പൽ സഭകളും അല്ലാത്തവയും തമ്മിലുള്ള പ്രായോഗികവും അതുല്യവും ആയ ഒരൈക്യമായിരുന്നു ദക്ഷിണിന്ത്യാ സഭയുടേത്. അന്ന് ബിഷപ്പുമാർ ദൈവത്തിൽ പിതാക്കൻമാരായിരുന്നു. പട്ടക്കാർ ശിക്ഷണം പാലിച്ചവരായിരുന്നു. അല്മായർ ക്രിസ്തുവിന്റെ ശരീരത്തെ പ്രതിനിധാനം ചെയ്തവർ ആയിരുന്നു. ഇന്ന് അവസ്ഥ അതാണോ?

വിശുദ്ധവും ഉന്നതവുമായ സ്ഥാനത്തിലേക്കുള്ള തിരഞ്ഞെടുപ്പുകൾ വളരെ പ്രാർത്ഥനയോടും പരിശുദ്ധാത്മാവിൽ ശരണം വെച്ചുകൊണ്ടുമായിരുന്നു നടന്നുവന്നത്. ഇന്നോ? ഇന്ന് പരിശുദ്ധാത്മാവിനെ വേണ്ടതരത്തിൽ പണം കൊണ്ടോ, ബലപ്രയോഗം കൊണ്ടോ സ്വാധീനിക്കാമെന്ന ധാരണയിൽ 'വണക്കം' പറഞ്ഞും വോട്ടു ചോദിച്ചുകൊണ്ടുമല്ലയോ നാം കാര്യം നേടുന്നത്. കഴിഞ്ഞ 45 വർഷം കൊണ്ട് മാതൃകാപരമായി നാം ഉയരുകയായിരുന്നോ അതോ ലൗകികതയിലേക്കും രാഷ്ട്രീയതയിലേക്കും അധഃപതിക്കയാണോ ചെയ്തത്. നാം ഓരോരുത്തരും ചോദിക്കേണ്ട ചോദ്യങ്ങളാണിവ. ഇന്ന് നീതിയെപ്പറ്റി സത്യമായും നല്ല മനസ്സാക്ഷിയോടും പറയുവാൻ നമുക്ക് കഴിയുമോ".

ഇവിടെ ദക്ഷിണേന്ത്യാസഭയുടെ ശില്പികളായ പ്രശസ്തവ്യക്തികളെ - പട്ടക്കാരെയും അല്മായ നേതാക്കളെയും ബിഷപ് സ്മരിക്കുന്നു. പാശ്ചാതൃരായ നേതാക്കൾ നമുക്കുണ്ടായിരുന്നപ്പോൾ സഭയുടെ പണം, നടത്ത് ഇവയുടെ ഇടപാടുകളിൽ സഭ വിശ്വസ്തത പാലിച്ചിരുന്നു. ഇന്നു ഈ കാര്യവിചാരകത്വം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്നാണറിയപ്പെടുന്നത്. ശ്രേഷ്ഠമായി നടത്തിക്കൊണ്ട് വന്നിരുന്ന പല സ്ഥാപനങ്ങളും കൊള്ളക്കാരുടെ ഗുഹ എന്ന് വിളിക്കാവുന്ന സ്ഥിതിയിലായിരിക്കുന്നു എന്നു കേൾക്കാറുണ്ട്. മാമ്മോനിൽ വിശ്വസ്തത പാലിക്കാത്തവർ മറ്റു കാര്യങ്ങളിൽ എങ്ങനെ വിശ്വസ്തരാവും? ദക്ഷിണേന്ത്യാ സഭയിൽ 34 വർഷത്തെ സേവനം പിന്നിട്ട ബിഷപ് സഭയുടെ പുനരുദ്ധാരണത്തിനുതകുന്നു. ചില നിർദ്ദേശങ്ങൾ നല്കുന്നുണ്ട്:

i) നേർവഴിയിലേക്ക് നടത്തപെടേണ്ടതിന് നാം കൂടുതൽ സമയം പ്രാർത്ഥനയ്ക്ക് കൊടുക്കുക. ഇതിനുവേണ്ടി ഒരു പ്രാർത്ഥനാ വലയം സൃഷ്ടിക്കുക.

ii) ഓരോ മഹായിടവകയിലും മറ്റു മഹായിടവകയിലെ ആറംഗങ്ങൾ ഉള്ള ഫോറങ്ങൾ ക്രമീകരിക്കുക. (ഈ ഫോറത്തിൽ അഞ്ചു സിനഡംഗങ്ങൾ ഉണ്ടായിരിക്കണം. ഇവരുടെ റിപ്പോർട്ട് സിനഡ് കോടതി പരിശോധിക്കട്ടെ.

iii) ജനങ്ങൾക്കു കൂടുതൽ അധികാരം കൊടുക്കുന്ന വിധത്തിൽ ഡയോസിസൻ ഭരണഘടന രൂപവൽക്കരിക്കുക.

iv) മോഡറേറ്റർ ജനങ്ങളുടെ വ്യക്തിയായിരിക്കണം. അവരുടെ അഭിപ്രായങ്ങളും പരാതികളും അദ്ദേഹം ശ്രദ്ധിക്കണം.

v) പട്ടക്കാർക്ക് സ്ഥലംമാറ്റം കൊടുക്കുന്നതു... ചില പ്രത്യേക വസ്തുതകൾ പരിപാലിക്കണം. ഭാര്യയുടെ ജോലിക്കും കുട്ടികളുടെ പഠിത്തത്തിനും തടസ്സം നേരിടാതെ വേണം സ്ഥലം

മാറ്റങ്ങൾ. സ്ഥലം മാറ്റം അഞ്ചുവർഷത്തിനു ശേഷം എന്ന നയം ന്യായമായിരിക്കും.

vi) ഗ്രാമീണർക്കും, ഗ്രാമീണ സഭാജനങ്ങൾക്കും വേണ്ടത്ര സ്ഥാനം നല്കുക.

vii) വൈദ്യപദ്ധതികൾ, വിദ്യാഭ്യാസം; വസ്തുവകകളുടെ ഭരണം ഇക്കാര്യങ്ങളിലൊക്കെയും അവയിൽ പ്രാവീണ്യവും സമർപ്പണവുമുള്ള വ്യക്തികളെ ഏല്പിക്കുക. ആത്മീയ ഗുരുക്കളും, ഇടയൻമാരുമായ ബിഷപ്പൻമാരെ അവരുടെ പ്രത്യേക ചുമതലക്കായി വേർതിരിക്കുക.

viii) മോഡറേറ്റർ സ്ഥാനം ഒരു നിശ്ചിത കാലയിളവിലേക്ക് ഒതുക്കിനിർത്തുക. ഡപ്യൂട്ടി മോഡറേറ്ററെ അടുത്ത കാലയളവിലെ മോഡറേറ്ററായി നിയമിക്കുക. ഇന്നു നടക്കുന്ന അവിഹിത പ്രവണകൾക്കും അറുതി വരുത്തുക.

ix) സെക്രട്ടറി സ്ഥാനത്തേക്കുള്ള വോട്ടുപിടിത്തം അവസാനിപ്പിക്കുക. ഭരണത്തിന്റെ തുടർച്ചയ്ക്കുവേണ്ടി മൂന്നു കാലാവധി സെക്രട്ടറിക്കനുവദിക്കുക.

x) ഒരു ബിഷപ്പും 10 കൊല്ലത്തിലധികം ജോലിയിൽ തുടരരുത്. പ്രത്യേക സാഹചര്യങ്ങളിൽ ഇതു പതിനഞ്ചു വർഷമാക്കാം. viii, ix, x ശുപാർശകൾ സിനഡിന്റെ ഭരണഘടനയിൽ ഉൾപ്പെടുത്തേണ്ടിവരും.

xi) ഇന്നത്തെ നിലയിൽ ഓരോ ബിഷപ്പിനും ഏതാണ്ട് 40-50 കോടതിക്കേസുകൾ ഉണ്ടാവും. ഇത് സിനഡ് കാര്യമായി കണക്കിലെടുക്കണം. അധികം കേസുകൾ ഉണ്ടാവുന്നത് ബിഷപ്പിന്റെ കാര്യപ്രാപ്തിയുടെ കുറവുകൊണ്ടായിരിക്കണം. അദ്ദേഹത്തിന് മഹാഇടവകയെ ഏകോപിപ്പിച്ചു നടത്താൻ കഴിവില്ല എന്ന ഈ കോർട്ടു കേസുകൾ കാണിക്കുന്നു. ഇതു സിനഡ് കാര്യമായി എടുത്ത് നടപടി കൈക്കൊള്ളണം.

മേൽപറഞ്ഞ അഭിപ്രായങ്ങളെല്ലാം തന്നെ ഏറ്റവും സ്നേഹത്തോടും, എന്റെ സ്വന്തം സഭയുടെ നൻമയ്ക്കുവേണ്ടിയുള്ള ആകാംക്ഷയോടും എഴുതിയിട്ടുള്ളതാണ്.

സഭ ഒരു വലിയ രൂപാന്തരം പ്രാപിക്കേണ്ടതുണ്ട്. ഇന്നത്തെ നില തുടർന്നാൽ ലോകത്തിന്റെ മുമ്പിൽ നാം പരിഹാസ പാത്രങ്ങളാവും. വേണ്ടവിധത്തിൽ ഭരണഘടന ഭേദപ്പെടുത്തുകയും ആത്മീയ നേതൃത്വത്തിനായി നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കയും വേണ്ടതുണ്ട്.


# NURSING

## LEYAMMA MEMORIAL SCHOOL OF NURSING

## MANDIRAM HOSPITAL

MANGANAM, KOTTAYAM. 18.

*(Recognised by the Kerala Nurses and Midwives Council)*

Applications are invited for admission to 3 year General Nursing and Midwifery Certificate Course for women to commence in January 1994.

**Requirements:** Should be a resident of the Kerala State. A pass in Pre-degree examination or its equivalent with Physics, Chemistry and Biology as Optional subjects. Age should not be less than 17 years or more than 27 years as on 1-1-1994 relaxable in the case of SC/ST and Backward Communities. Minimum height 147 cms., minimum weight 38.5 kgms.

**Marital Status:** Should be single/widowed or legally divorced.

Application forms can be had from the Principal, Leyamma Memorial School of Nursing, Mandiram Hospital, Manganam-686 018 on payment of Rs. 30 by cash. For sending the form by registered post a sum of Rs. 45 shall be sent by money order specifying in the money order coupon "For application for admission to General Nursing Course". The last date for receipt of completed application is September 15, 1993.

ലേഖനം

# സഭയിൽ അത്മായരുടെ പങ്കാളിത്വം

ജോസഫ് മാണി - ഒളശ്ശ

അത്മായർ ആരാണ്? അവരെപ്പറ്റിയുള്ള പൊതുധാരണ എന്താണ് 'അല്മനി' എന്ന സുറിയാനി പദത്തിൽ നിന്ന് ഉത്ഭവിച്ച ഈ വാക്കിന് ഇംഗ്ലീഷിൽ layman എന്ന അർത്ഥമാണുള്ളത്. സഭയിലെ സാധാരണകാരെ പരാമർശിക്കുന്നതിനാണ് ഈ പദം ഉപയോഗിക്കുന്നത് — വൈദികരല്ലാത്തവരെ. 'സഭ' എന്ന വാക്കിൻെറ അർത്ഥവും വ്യക്തമാക്കേണ്ടതുണ്ട്. 'എക്ലീസിയാ' എന്ന ഗ്രീക്കു പദത്തിൻെറ അർത്ഥലാണോ നാം ഇന്ന് സഭയെ കാണുന്ന്? വിളിച്ചു വേർതിച്ചിരിക്കുന്നവരുടെ കൂട്ടമാണ് എക്ലിസിയാ - ദൈവത്താൽ ദൈവത്തിനു വേണ്ടി വിളിച്ചു വേർതിരിച്ചിരിക്കുന്നവരുടെ കൂട്ടം. ഇതിൽ വൈദികരും അവൈദികരും ഉൾപ്പടുന്നു. ബഹുഭൂരിപക്ഷവും അത്മായർ തന്നെ. സഭ അത്മായരുടേതാണ് - അത്മായർക്കു വേണ്ടിയാണ്. അവരുടെ പേർക്കു ആത്മീയ ശുശ്രൂഷക്കു നിയോഗിക്കപ്പെട്ടവരത്രെ വൈദികർ. വിശുദ്ധ പൗലൂസിൻെറ ഭാഷയിൽ (അത്മായർ) രാജകീയ പൗരോഹിത്യമുള്ളവരാണ്. സഭയെ ക്രിസ്തുവിൻെറ ശരീര മെന്ന് വിശുദ്ധ പൗലോസ് പറയുമ്പോൾ (എഫേ. 1/23) അതിൻെറ അവയവങ്ങൾ തുല്യപ്രാധാന്യമുള്ളവയാകുന്നു എന്ന് വ്യക്തമാണല്ലോ.

<u>അത്മായ പൗരോഹിത്യം.</u> അപ്പോസ്തലന്മാരും പുരോഹിതരല്ലായിരുന്നു എന്നോർക്കുക. മറിച്ച് അവർ അത്മായ പൗരോഹിത്യം സ്തുത്യർഹമായ് നിർവഹിച്ചവരായിരുന്നു. സി. എം. എസ്. ൻെറ സ്ഥാപക നേതാക്കളായ വിൽബർ ഫോഴ്സ് ജയിംസ് സ്റ്റീഫനുമെല്ലാം അത്മായരായിരുന്നു. ഔദ്യോഗിക ജീവിതത്തിൽ ക്രിസ്തീയ ദൗത്യം ഫലപ്രദമായി നിർവഹിച്ചവരായിരുന്നു, CMSൻെറ കേരളത്തിലെ പ്രവർത്തനത്തിന് വഴിതെളിച്ച കേണൽ മൺട്രോയും, മക്കോളയും മറ്റും. ആദിമ സഭയിൽ ചുമതല നിർവഹിച്ചച്ചിരുന്നവരെ പറ്റി വിശു: പൗലോസ് പറയുന്നുണ്ട് (1 കൊരി. 12/28) അവിടെയെങ്ങും പുരോഹിതൻമാരെ കാണുന്നില്ലന്നുള്ളത് ശ്രദ്ധേയമാണ്. മാത്രവുമല്ല യഹൂദ പാമ്പര്യത്തെ തുടർന്ന് പ്രസിബിറ്ററുമാരെ കാണുന്നുണ്ടുതാനും.

<u>പട്ടത്വവും എപ്പിസ്കോപ്പിസിയും.</u> വൈദിക സ്ഥാനവും അതിൽതന്നെയുള്ള '3 ടയർ സിസ്റ്റവും' മെല്ലാം കാലാന്തരത്തിൽ സഭയിൽ കടന്നു കൂടിയതത്രെ. രാജകീയ പുരോഹിത വർഗ്ഗം എന്ന ആശയത്തിനു ഊന്നൽ നൽകികൊണ്ടുള്ള സഭാവിഭാഗങ്ങൾ ഇന്നുമുണ്ടന്ന് ഓർക്കുക. എപ്പിസ്കോപ്പസി എന്ന ആശയവും പിന്നീട് ക്രസ്തീയ സമൂഹത്തിൽ ചേർന്നതത്രെ. നാലു വ്യത്യസ്ത പാരമ്പര്യങ്ങളിൽ(ആംഗ്ലിക്കൻ, പ്രസ്ബിറ്റേറിയൻ, കോൺഗ്രിഗേഷണൽ, മെതഡിസ്റ്റ്) നിന്ന് ഉടലെടുത്ത സി. എസ്. ഐ. യിൽ ആംഗ്ലിക്കൻ പാരമ്പര്യത്തിനു മാത്രമേ ബിഷപ്പ് ഉണ്ടായിരുന്നുള്ളു. എപ്പിസ്കോപ്പസി (മേൽപട്ടത്വം) സഭയെ സഭയാക്കിത്തീർക്കുന്ന 'ഏകസത്ത' (Esse of thechurch) എന്ന ശക്തമായ ചിന്താഗതി ഉപേക്ഷിച്ച്, എപ്പിസ്കോപ്പസിയില്ലാതെ തന്നെ സഭ, സഭതന്നെ എന്ന വിശാലമായ ചിന്താഗതിയാണ്. സി. എസ്. ഐക്കുള്ളത്. എന്നാൽ ചരിത്രത്തിൽ ദൈവം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു സഭാ ഭരണക്രമം എന്ന നിലയിൽ സഭക്ക് അത് പരിപൂഷ്ടി നൽകുന്നു എന്നതു കൊണ്ട് ആ സമ്പ്രദായെ സ്വീകരിച്ചിരിക്കുന്നു എന്നു മാത്രം. <u>*അമിത പ്രാധാന്യമില്ലന്നു ചുരുക്കം. എപ്പിസ്കോപ്പസി നില നിർത്തികൊണ്ടുള്ള ജനാധിപത്യഭരണ സംമ്പ്രദായമാണ് സി. എസ്. ഐ ക്കുള്ളതെന്നതു ശ്രദ്ധേയമത്രെ. മിനിട്രിയുടെ ഏകീകരണമെന്നു പറയുന്നതു സഭയുടെ ആകമാന ഐക്യ.ത്തിൻെറ ഒരു ഭാഗമാണ്. പട്ടത്വ ശുശ്രൂഷ ഐക്യതപ്പെടണമെന്ന ആശയവും ഉപേക്ഷിക്കപ്പെടേണ്ടിവന്നു, സി. എസ്. ഐ രൂപം കൊണ്ടപ്പോൾ. കാരണം, സഭയെന്നു പറയുന്നതു പട്ടക്കാരനെന്നു വന്നു കൂടാ. മറിച്ച് സഭ എന്നു പറയുന്നത് ജനങ്ങളാണ്. ഈ പശ്ചാത്തലത്തിൽ വേണം പട്ടത്വത്തെ മേൽപട്ടത്വത്തെ നാം വീക്ഷിക്കേണ്ടത്. ബിഷപ്പ് ജയിക്കബ് തിരുമേനിയുടെ വാക്കുകളിൽ പാദശുശ്രൂഷ നിർവഹിക്കുന്നവരായി!!*</u>

<u>അത്മായരും സഭാപ്രവർത്തനവും</u> സഭ അത്മായർക്കു വേണ്ടിയാണങ്കിൽ സഭാ പ്രവർത്തനം അത്മായരുടെ ചുമതലയാണ് അതിൽ സജീവ പങ്കാളിത്വം അത്മായർക്കുതന്നെ ആയിരിക്കണം. - ലൗകിക ശുശ്രൂഷയിൽ മാത്രമല്ല ആത്മീയ ശുശ്രൂഷയിൽ പോലും. സി. എസ്. ഐയുടെ ലിറ്റേർജിയിൽ വചന ശുശ്രുഷക്കും തിരുവത്താഴശുശ്രുഷക്കും അ

It is also known that the Methodist Church made efforts in reaching out to the Indian ( Malayalee ) community in Chicago in the early 70's.

It merits acknowledgement that by the late 70's the people of CSI origin who have been living in the USA and Canada, in their own initiative had formed CSI groups/congregations in some cities of the USA and Canada. These groups originally met at house basements or at local churches at times suitable to the host churches. Eventually, by the early 80's, many groups took the shape and function of congregations, and were being visited by Bishops and Pastors ( Achans ) from the CSI, especially Central Kerala Diocese. Many of the congregations began to receive the assistance from CSI Pastors from India who were here for higher studies in Theology/ Ministry. It is also true that some Pastors were available for assistance from the very inception of certain congregations. It is to be clarified that it is not that the CSI Bishops and Pastors were not visiting USA and Canada prior to the 80's. It was not so easy for them to do the groundwork of forming new congregations because of the demands on their time during the usual short visits, or, they simply did not have the vision. Having said this, it merits special recognition and mention that (late) Bishop T.S. Joseph during his visit in 1978 had made efforts to unite the CSI members in various centers, and had held meetings in Chicago and in New Jersey for this purpose.

The first national conference of CSI members from all over the USA and Canada was held in 1987 in Chicago. From this time onward, Bishops and Presbyters from India , especially from the central Kerala Diocese increased their visits with the newly formed CSI congregations, and, of course; to lead the Annual Family and Youth Conferences ; there was also a steady stream of CSI presbyters as students at the local seminaries. There were also international Christian leaders and theologians from the Central Kerala Diocese, visiting as Professors at various seminaries and other forums in the USA and Canada, and, we are proud of them.

It appears that the CSI synod took notice of the existence of many CSI congregations at the various metropolitan centers of the USA and Canada only by 1989. This was just after the Synod's decision in April 1988 to relax the hitherto stringent policy of not encouraging the formation of any CSI congregation outside its area , or outside India. Apparently, this policy change took place with the request from the St. Peter's Congregation, Kuwait. The Synod Working Committee, in April 1988, resolved that all CSI congregations outside CSI area, both in India and abroad, shall come under the pastoral care of the Moderator of the CSI. Subsequently, in April 1990 Synod took action to send a Pastor to the Tamil Congregation in Dubai.

In October 1989, the Synod, in a democratic way, did solicit the opinion of the CSI Congregations outside India by circulating a draft constitution for individual congregation's adoption, or comments. However, by this time, most congregations had already

been established with their own constitutions in accordance with the laws of the respective States in the USA and Canada. Subsequently the national representatives of the congregations met as "Ad-hoc Council of CSI Congregations in North America" on July 21, 1991, the concluding day of the four day CSI Annual Family and Youth Conference of USA and Canada in Wayne, New Jersey, and drafted a constitution for the " Council of CSI Congregations in North America". Nevertheless, the period after the Wayne, New Jersey Conference of 1991 has been one of tension among the CSI community in North America.

A careful and objective analysis of the events since the 1991 Wayne, New Jersey conference reveals that the tension and the divisiveness in the congregations became a fact and an unsettling issue because of the anxiety in setting up a central governing body for the Congregations in North America. Thus, when the church's attention and energy began to be directed toward the structure rather than the nurturing of these fledgling congregations and their mission, the shepherds as well as the sheep got confused, and their priorities got mixed up. There was much anxiety and tension to amass as much power and authority as possible. More anxiety in this matter was seen emanating from the camps of the shepherds than from the folds of the sheep. Meetings were hurriedly convened without proper notices; one could not help but notice that the Pastoral leadership was engaging in sheer politics, reminiscent of the days of Medieval Christianity!

The 1991 Wayne, New Jersey session of the Ad-hoc Council was adjourned with the decision that further revision of the draft Constitution for the Council be made only in the body's next meeting scheduled for the last day of the 1992 Annual Conference, i.e., July 19, 1992. However, the over-anxiety on the part of the pastoral leaders to complete the establishment in a hurry, led them to hurriedly convene a meeting of the Ad-hoc Council in New York City on December 6, 1991. Most of us here were awe-stricken at this haste. Protest letters were sent by individuals and congregations. In that inappropriately ( lack of proper notice and agenda ) convened meeting, which was attended by only few congregations, some revisions to the draft constitutions for the Council were made.

TO BE CONTINUED

## Institute stresses theological response on eco–system

BANGALORE – The Gurukul Lutheran Theological College's Annual Summer Institute on the theme: Ecology – A Theological Response concluded here on 22 May with a firm resolve by the participants to work towards creating a new awareness for preserving the eco-system, as individuals and as a community.

The participants pointed out that the traditional interpretation of the scriptures and of creation, and the understanding of human beings as 'dominators' have contributed to the present ecological crisis. They were of the opinion that a paradigm shift is taking place from theo-centrism and anthropocentrism to a cosmic-centric concept of creation which would lead to a rethinking of our understanding of God, humans and creation and to the formulation of a new eco–theology and eco–spirituality. Earlier, speaking at the Institute, Dr David Hallman from Canada who had actively participated at the Earth Summit in Brazil, stressed how the churches could play a major role in building ethical values to save the earth. The Institute also heard Bishop Manas Buthelezi of the Lutheran Church in South Africa highlighting the relevance of ecological issues in the context of racial discrimination experienced in South Africa. Alienation from their land was one of the major social issues of the Black people, he said.

## ആദരാഞ്ജലികൾ



### റവ. എം. ഏ. തോമസ്

കർമ്മധീരനും ആദർശ ശാലിയുമായിരുന്ന റവ. ഡോ. എം. ഏ. തോമസ് ജൂൺ മാസം 25-ാം തീയതി അന്തരിച്ചു. മർത്തോമ്മാ സഭയിലെ ഒരു പട്ടക്കാരനായി പ്രവർത്തനങ്ങളാരംഭിച്ച അച്ചൻ എക്യുമിനിക്കൽ രംഗത്ത് മഹത്തായ സംഭാവനകൾ നൽകുകയുണ്ടായി. സത്യത്തിനും നീതിയ്ക്കും മനുഷ്യത്വത്തിനും സമാധാനത്തിനും വേണ്ടിയുള്ള സമരങ്ങളിൽ അദ്ദേഹം എന്നും മുൻപന്തിയിലുണ്ടായിരുന്നു. 1963-ൽ ബാംഗ്ലൂരിൽ എക്യുമിനിക്കൽ ക്രിസ്ത്യൻ സെൻറർ സ്ഥാപിച്ചു. വിജിൽ ഇൻഡ്യ മൂവ്മെൻറിൻെറ ഡയറക്ടറായി സേവനമനുഷ്ഠിക്കവേയാണ് അദ്ദേഹം അന്തരിച്ചത്. ആധുനിക തലമുറയ്ക്ക് ഉന്നത മൂല്യങ്ങൾ ഉയർത്തിക്കാട്ടി, നിസ്വാർത്ഥ സേവനങ്ങൾ നിർവ്വഹിച്ച ഒരു മഹനീയ വ്യക്തിയായിരുന്നു റവ. ഡോ. എം. ഏ. തോമസ്. ആ മഹനീയ വ്യക്തിത്വത്തിൻെറ സ്മരണയ്ക്ക് ഞങ്ങൾ ആദരാഞ്ജലികളർപ്പിക്കുന്നു.

### ദിവംഗതനായ ചെല്ലമ്മ ജോസഫ്

ജൂൺ 16-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ച ചെല്ലമ്മ കൊച്ചമ്മ അനേകരുടെ സ്മൃതി പഥത്തിൽ ദീർഘകാലം ജീവിക്കും. ബലഹീന സമുദായത്തിൽനിന്നും ആദ്യബിരുദധാരി സഭാസേവനത്തിനു സമർപ്പിക്കപ്പെട്ടപ്പോൾ ആകർഷണീയമെന്നു തോന്നിയിരുന്ന മറ്റു തുറകളെ ഉപേക്ഷിപ്പാനുള്ള പ്രേരകശക്തി സഹധർമ്മിണിയായിരുന്ന കൊച്ചമ്മ, ടി. എസ്. ജോസഫച്ചന് നൽകി. ആയുഷ്കാലം മുഴുവൻ വിശ്വസ്തസഖിയായി, ആത്മീക ഉത്തേജനം നിരന്തരം നൽകിക്കൊണ്ടിരുന്ന ധീരവനിതയായിരുന്ന കൊച്ച മ്മ തൻെറ ലളിതജീവിതത്തിനും, പാവപ്പെട്ടവരോടും ഐക്യതപ്പെടാനുള്ള ആത്മാർത്ഥ ശ്രമത്തിനും എക്കാലത്തും മാതൃകയായി നിലനില്ക്കും. ഒരു ധന്യമാതാവ് മഹാ[...] ടവക മുഴുവൻ സ്ത്രീജനസഖ്യത്തിനു ആവേശ[...] പകർന്ന ഒരു പ്രതിഭാശാലി എന്നിങ്ങനെ പല തു[...] കളിൽ കൊച്ചമ്മയെ വിശേഷിപ്പിക്കാമെങ്കിലു[...] പ്രത്യേകം ഓർക്കാവുന്ന ചില കാര്യങ്ങളുണ്ട്. പ[...] ക്കാൻ മിഷ്യൻ പ്രവർത്തനത്തിന് ബിഷ[...] ജയ്ക്കബ്, അച്ചനെ നിയോഗിക്കുമ്പോൾ അഭ്യസ്[...] വിദ്യനായ ഒരു പട്ടക്കാരനേ, അർഹിക്കുന്ന ഒര[...] ഇടവകയിൽ ശുശ്രൂഷിക്കുന്നതുമൂലം, അത്ര പുരോ[...] ഗമനമായ ചിന്താഗതി മനസ്സിലാക്കുവാൻ വളർന്നി[...] ട്ടില്ലാത്തവരേ പരിഭ്രമിപ്പിക്കാതിരിക്കുവാൻ ഉപ[...] യോഗിച്ച ഒരു തന്ത്രം കൂടി അല്ലായിരുന്നുവോ എന്നു[...] സംശയിച്ചവരുണ്ട്. എന്നാൽ ഈ നിയമനത്തി[...] ദൈവശബ്ദം ശ്രവിച്ച അച്ചനും കൊച്ചമ്മയും സന്ത[...] ന്തോഷം വയൽപ്രദേശത്തേക്ക് പോകുകയു[...] കഷ്ടപ്പാടുകളുടെയും പ്രയാസങ്ങളുടെയും മദ്ധ്യ[...] ത്തിൽ വേലസ്തുത്യർഹമായ നിലയിൽ നിവർത്തി[...] ക്കുകയും ചെയ്തു. അഭിമാനത്തോടും സ്വതന്ത്[...] രമായ കർമ്മശൂരതയോടും പിൽക്കാലത്തു[...] കൊച്ചമ്മ, ഇടവകപ്പട്ടക്കാരൻെറ വലം കൈ എന്ന പോലെ ഇതരവർണ്ണക്കാരുടെ ഇടവകയിൽ ജീവിക്കുകയും സാക്ഷിക്കയും ചെയ്തു. മഹാഇടവകയുടെ മേലദ്ധ്യക്ഷനെന്ന നിലയിൽ തിരുമേനിക്ക് നൽകിയ ഉത്തേജനം മറക്കാവുന്നതല്ല. തിരുമേനിയുടെ ദേഹവിയോഗശേഷം, സ്വഭവനത്തിൽ, മാതാവിൻെറ കടമകൾ, ഉത്തരവാദിത്വത്തോട് നിർവ്വഹിച്ചുകൊണ്ടിരുന്ന കൊച്ചമ്മ, അമ്മമാർക്ക് ഒരു മാതൃകതന്നെ. പെട്ടെന്നുണ്ടായ ദേഹവിയോഗത്തിൽ ദുഃഖിതരായ എല്ലാവരോടും ഞങ്ങളുടെ അനുശോചനം അറിയിക്കയും, സ്മരണയുടെ മുമ്പാകെ ആദരാഞ്ജലി അർപ്പിക്കയും ചെയ്യുന്നു.



# ബിഷപ്പ് പാനൽ തെരഞ്ഞെടുപ്പ്

കെ. ഐ. നൈനാൻ

മഹായിടവകയ്ക്ക് ഒരു ബിഷപ്പിനെ നിയമിക്കുന്നതിന് സിനഡിലേക്ക് മഹായിടവകയിൽ നിന്നും ഒരു പാനൽ തയ്യാറായികഴിഞ്ഞിരിക്കയാണ്. സ്ഥാനാർത്ഥികളുടെ പാനലിലേക്കുള്ള തെരഞ്ഞെടുപ്പ് ജൂൺ 15-ാം തീയതി ചൊവ്വാഴ്ച കോട്ടയം കത്തീഡ്രലിൽ വച്ച് ആരാധനയ്ക്കും വിശുദ്ധ സംസർഗത്തിനും ശേഷം നടന്നു. മുന്നൂറ്റിയൻപത്തിയാറ് പേർ ഹാജരുണ്ടായിരുന്ന ആ യോഗം പല കാരണങ്ങളാലും പ്രധാനവും ശ്രദ്ധേയവുമാണ്. കൗൺസിൽ അംഗങ്ങൾക്കെല്ലാം ആരാധനയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും ബിഷപ്പ് റ്റി. ബി. ബഞ്ചമിൻ തിരുമേനി ശുശ്രൂഷയിൽ നടത്തിയ ധ്യാനപ്രസംഗം തെരഞ്ഞെടുപ്പ് യോഗത്തിൻെറ ആരംഭത്തിൽ ആത്മീയ ചൈതന്യമേകി. കാലത്ത് പത്തരയ്ക്ക് ആരംഭിച്ച യോഗം രാത്രി പത്തരവരെ നീണ്ടു നിന്നു എന്നതു തന്നെ ഈ തെരഞ്ഞെടുപ്പിൻെറ പ്രത്യേകതയാണ്.

ആദ്യവോട്ടെടുപ്പിൽ ആകെയുണ്ടായിരുന്ന എട്ടു സ്ഥാനാർത്ഥികളിൽ വെരി. റവ. എം. റ്റി തര്യനും വെരി. റവ. സാംമാത്യുവും യഥാക്രമം 240, 223 വോട്ടുകളോടെ തമ്മിൽ തമ്മിൽ നേരിയ വ്യത്യാസത്തിൽ പാനലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. മൂന്നാം റൗണ്ട് വോട്ടെടുപ്പിൽ വെരി. റവ. റ്റി. ഐ. ജോർജിനേയും 159 വോട്ടുകളോടു കൂടി തെരഞ്ഞെടുത്തു. രണ്ടാം റൗണ്ടിൽ ആർക്കും ഭൂരിപക്ഷം കിട്ടിയിരുന്നില്ല. നാലും അഞ്ചും റൗണ്ട് വോട്ടെടുപ്പിലും അപ്പോഴത്തെ രണ്ട് സ്ഥാനാർത്ഥികളിൽ ആർക്കും ഭൂരിപക്ഷം കിട്ടാഞ്ഞതുകൊണ്ട് ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് അദ്ധ്യക്ഷൻ തെരഞ്ഞെടുപ്പ് അവസാനിച്ചതായി പ്രഖ്യാപിച്ചു. അപ്പോൾ മണി പത്തരയായെങ്കിലും നല്ലൊരു പങ്കു സമാജികരും ക്ഷമയോടുകൂടി അന്ത്യഫലവും കാത്ത് പള്ളിയിൽ ഇരിക്കുകതന്നെ ചെയ്തു.

മഹായിടവകയിലെ രൂക്ഷമായ പ്രശ്നങ്ങൾ ഒന്നും തന്നെ തെരഞ്ഞെടുപ്പിന് മുൻപ് തുറന്ന ചർച്ചയ്ക്ക് വിഷയീഭവിക്കപ്പെട്ടിരുന്നില്ല. സഭയെ അഭിമുഖീകരിക്കുന്ന ഏതെങ്കിലും കാതലായ പ്രശ്നത്തിൻെറ അടിസ്ഥാനത്തിലാണ് സ്ഥാനാർത്ഥികളുടെ ജയവും തോൽവിയും നടന്നതെന്ന് പറയുവാൻ പ്രയാസമാണ്. ഇപ്പോൾ അവസാനിച്ച ഭരണത്തോടുള്ള അമർഷം ചിലയിടങ്ങളിൽ പ്രകടമായിരുന്നു. ആദ്യം പാനലിൽ വന്ന സ്ഥാനാർത്ഥികൾക്ക് രണ്ടു പേർക്കും ഏകദേശം തുല്ല്യ വോട്ടുകൾ കിട്ടിയ സ്ഥിതിക്ക് സഭയിൽ എന്തെങ്കിലും കാരണത്താലുള്ള അഭിപ്രായ ധ്രുവീകരണം നടന്നതായി പറയാൻ പ്രയാസമാണ്. ചിലർ ചില താല്കാലിക തെരഞ്ഞെടുപ്പ് ധാരണകളിൽ എത്തിയിരുന്നു. ചില ധാരണകൾ അയുക്തികവുമായിരുന്നു.

തെരഞ്ഞെടുപ്പ് ഫലം സഭയിൽ കാര്യമായ വിഭാഗികതയില്ലെന്നാണ് തെളിയിക്കുന്നത്. ബിഷപ്പായി നിയമിതനാകുന്ന ആൾ വിഭാഗികതയ്ക്ക് ഇടം കൊടുക്കാതെ, സ്നേഹബുദ്ധ്യാ എല്ലാവരെയും കൈകോർത്തു പിടിച്ച് കൊണ്ടു പോകുകയാണെങ്കിൽ ഇപ്പോഴുള്ള പ്രശ്നങ്ങളും കുറവുകളും പരിഹരിക്കാവുന്നതേയുള്ളു. അതിന് ചരിത്രപരവും ദൈവശാസ്ത്രപരവുമായ കാഴ്ചപ്പാടും അവബോധവും പുതിയ നേതൃത്വത്തിന് ഉണ്ടായിരിക്കണം. ബിഷപ്പ് സ്ഥാനം ആത്മീയമായി ഔന്നത്യമുള്ളതാണ്. ആ സ്ഥാനത്ത് ഭരണാധിപനായാണ് താൻ ഇരിക്കുന്നതെന്നുള്ള വിചാരം പ്രശ്നങ്ങൾ വളരുന്നതിന് ഇടയാക്കും. സ്ഥാനത്തെപ്പറ്റി ആദ്യം പറഞ്ഞ ആത്മീയതലം 'ഡലിഗേറ്റ്' ചെയ്യപ്പെടാൻ പാടില്ലാത്തതും, രണ്ടാമത്തെ ഭാഗം 'ഡലിഗേറ്റ്' ചെയ്യാവുന്നതുമാണ്. സാമ്പത്തികമായുള്ളതുൾപ്പെടെ എല്ലാ ലൗകിക പ്രശ്നങ്ങൾക്കും കാരണം ആത്മീയതയുടെകുറവുതന്നെയാണെന്ന് ബിഷപ്പ് മൂർ ഒരിക്കൽ എഴുതുകയുണ്ടായി. തെരഞ്ഞെടുപ്പുകാലത്ത് ചിലർ പക്ഷം പിടിച്ചു നടത്തിയ കാൻവാസിംഗും, പേര് വച്ചും, പേരുവയ്ക്കാതെയും ചിലരെപ്പറ്റി എഴുതിവിട്ട ലഘുലേഖകളും കാരണം സഭാംഗങ്ങളെ ഭാവിയിൽ പല തട്ടുകളിലായി ആരും കാണാൻ ഇടയാകരുത്. ലഘുലേഖകളൊന്നും കൗൺസിൽ അംഗങ്ങൾ ഗൗരവമായി കണക്കാക്കിയില്ല എന്നതാണ് വാസ്തവം.

പിന്നോക്ക സമുദായത്തിൽ നിന്നും വെരി. റവ. റ്റി. ഐ. ജോർജ് പാനലിൽ വന്നു എന്നതും, നാലാം റൗണ്ടിലെ വോട്ടെടുപ്പിൽ റവ. കെ. ജെ. ജോൺ ഒരു വോട്ടിൻെറ കുറവു കൊണ്ടുമാത്രമാണ് പുറംതള്ളപ്പെട്ടുപോയത് എന്നതു: സഭയിൽ പി

ന്നോക്ക സമൂഹത്തിനുള്ള സ്ഥാനത്തെ ഉറപ്പിക്കുന്നു. മാത്രമല്ല അവരുടെ ശക്തിയെപ്പറ്റിയും അവകാശങ്ങളെപ്പറ്റിയും സഭാംഗങ്ങളെയെല്ലാം ഓർപ്പിക്കുകയും ചെയ്യുന്നു. സഭയിൽ പകുതിയോളം വരുന്ന പിന്നോക്ക സമൂഹത്തിന്റെ പ്രതീക്ഷകൾ യുവജനങ്ങളുടെ വളർച്ചയ്ക്ക് വേണ്ട സ്വാതന്ത്ര്യവും അവരുടെ നേതൃത്വവും, പ്രബുദ്ധരായ ഒരു പട്ടത്വ നിര, മാനവികതയുൾക്കൊണ്ട് ലോകത്തിൽ കർമ്മനിരതരാകുന്ന അത്മേനി സമൂഹം ഇവയെല്ലാം പ്രധാനമാണെന്ന് മഹാ ഇടവകയുടെ ശ്രേയസ്കരമായ ഭാവിക്ക് എന്ന് ആരെയും ഓർപ്പിക്കേണ്ടതില്ല. ഒരു പുത്തൻ നേതൃത്വത്തിൽ കൂടി ഉരുത്തിരിയുന്ന പുത്തൻ ആരാധനാ സമൂഹമായി ത്തീരണം സഭ. ഒരു പുത്തൻ നൂറ്റാണ്ടിൽ നമുക്കു വേണ്ട പ്രൗഢമായ നേതൃത്വമാണ് ഈ കഴിഞ്ഞ തെരഞ്ഞെടുപ്പുകൊണ്ട് സാധിക്കേണ്ടത്.

എന്നാൽ സഭയുടെ ഭാവിക്ക് നിർണ്ണായകമായ പങ്കു വഹിക്കേണ്ട ദൈവശാസ്ത്ര അദ്ധ്യയന വേദിയും, മിഷനറി മണ്ഡലവും തെരഞ്ഞെടുപ്പിൽ അവഗണിക്കപ്പെട്ടു പോയി എന്നു പറയാതിരിക്കാൻ വയ്യ. ആ രണ്ടു രംഗങ്ങളിൽ നിന്നും പ്രഗത്ഭരായ സ്ഥാനാർത്തികൾ ഉണ്ടായിരുന്നിട്ടും അവർക്ക് പാനലിൽ സ്ഥാനം കിട്ടിയില്ല എന്നതുകൊണ്ട് കൗൺസിൽ അംഗങ്ങൾ വോട്ടു രേഖപ്പെടുത്തുന്നതിന് കൈക്കൊണ്ട മാനദണ്ഡങ്ങൾ സർവ്വോപരി പ്രാധാന്യമുള്ളവയായിരുന്നുവെന്ന് പറയുവാൻ വയ്യ. റവ. ഡോ. റ്റി. എം. ജോണിന് ഏറ്റവും കുറവു വോട്ടു കിട്ടി. മാത്രമല്ല ദേശീയ തലത്തിൽ ദൈവശാസ്ത്രജ്ഞനായി പ്രശക്തി ആർജിച്ച റവ. ഡോ. കുരുവിള സി. ഏബ്രഹാം തെരഞ്ഞെടുക്കപ്പെടാതിരുന്നു. പർക്കാൽ മിഷ്യനിൽ കുടുംബസമേതം ജീവിതം അർപ്പിച്ച ത്യാഗവന്ദ്യനായ വെരി. റവ. പി. ഓ. നൈനാൻ വോട്ടെടുപ്പിൽ രണ്ടാം റൗണ്ടിനപ്പുറം കടന്നില്ല. സുപ്രധാനമായി കരുതേണ്ട ആ രണ്ടു രംഗങ്ങളിലും സഭ ഭാവിയിൽ ബലഹീനമായിത്തീരാൻ ഇടയുണ്ട് എന്നുള്ളതിന്റെ സൂചനയാണ് ഇത്. ദൈവശാസ്ത്ര രംഗത്ത് മികവുള്ള റവ. തോമസ് സാമുവേൽ (ജൂണിയർ) ന് 50 വോട്ടിൽ കൂടുതൽ ലഭിച്ചില്ല എന്നതും ഈ‌ത്തരുണത്തിൽ പ്രസക്തമായിത്തീരുന്നു.

തെരഞ്ഞെടുപ്പിൽ സിംഗിൾ വോട്ടുകൾ തുലോം കുറവായിരുന്നു എന്നതും ചരിതാർത്ഥ്യജനകമാണ്. മഹായിടവകയിൽ രൂക്ഷമായ ഭിന്നിപ്പുകൾ നിലവിലില്ല എന്നതിന്റെ തെളിവുകൂടിയാണിത്. എന്നാൽ തെരഞ്ഞെടുപ്പിന്റെ നാലും അഞ്ചും റൗണ്ടുകളിൽ രണ്ട് സ്ഥാനാർത്ഥികളുടെ മാത്രം പേരുണ്ടായിരുന്നപ്പോൾ ഏകദേശം 250 വോട്ടുകളിൽ എൺപതിനടുത്ത് വോട്ടുകൾ അസാധുവായി എന്നതിൽ നിന്നും കൗൺസിൽ അംഗങ്ങളിൽ കുറെപ്പേർ അവരുടെ വോട്ടവകാശം ആരെയും ജയിപ്പിക്കുന്നതിനല്ല, മറിച്ച് കരുതിക്കൂട്ടി തോല്പിക്കുന്നതിനാണ് ഉപയോഗിച്ചതെന്ന് അനുമാനിക്കാം. ആ രണ്ടു റൗണ്ടുകളിലും ആർക്കും ഭൂരിപക്ഷം കിട്ടാതെ വന്നു. നാലുപേരെ പാനലിലേക്ക് തെരഞ്ഞെടുക്കാൻ അവസരമുണ്ടായിരിക്കെ മൂന്നു പേരെ മാത്രം തെരഞ്ഞെടുത്ത് തെരഞ്ഞെടുപ്പ് അവസാനിപ്പിക്കേണ്ടതായി വന്നു. ധർമ്മം കൈവെടിഞ്ഞ് തന്ത്രങ്ങൾ ഉപയോഗിക്കുന്നത് സഭയിലെ തെരഞ്ഞെടുപ്പിലും കാണാം. അതുകൊണ്ട് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനും ദൈവനിയോഗത്തിനും സഭയിൽ മങ്ങലേല്ക്കുകയാണ് ചെയ്യുന്നത്. തെരഞ്ഞെടുപ്പ് ഫലം യഥാർത്ഥമല്ലാതായിത്തീരുകയും ചെയ്യുന്നു. സ്ഥാനാർത്ഥികൾ നേരിട്ട് കാൻവാസിംഗ് നടത്തുന്നത് സഭയിൽ അശ്ലേഷം അഭികാമ്യമല്ല. അതിനാൽ നേരിട്ടുള്ള കാൻവാസിംഗ് കൂടാതെ കിട്ടിയ വോട്ടുകൾക്കാണ് മിഴിവ് എന്നതിന് സംശയമില്ല.

തെരഞ്ഞെടുപ്പു നടപടികൾക്ക് ഭംഗമൊന്നും വരാതിരിക്കുന്നതിന് കാര്യക്ഷമമായ ക്രമീകരണങ്ങൾ ചെയ്തും വിശ്വാസയോഗ്യമായ രീതികൾ സ്വീകരിച്ചും ശ്രീ. വർക്കി ജോർജ് അദ്ധ്യക്ഷനായുള്ള സബ്ബ് കമ്മിറ്റി തെരഞ്ഞെടുപ്പ് ഭംഗിയായി നടത്തി പര്യവസാനിച്ചു എന്നതും ചാരിതാർത്ഥ്യജനകവും അഭിനന്ദനാർഹവുമത്രെ.

## Scriptures translated in 8 more Asian languages

HONG KONG – The United Bible Societies' 1992 scripture Language Report says there are now 2,009 languages in which at least one book of the Bible has been translated, up 31 during 1991. Complete Bibles are available in 329 languages and New Testaments in 770 others.

## CCA Centre Opens:

HONC KONG. – The ecumenical Christian Conference of Asia (CCA) celebrated the opening of its new centre in Hong Kong on 5th June. New contact address: Christian conference of Asia, Pak Tin Village Mei Tin Road, Shatin, GPO Box 1397, New Territories Hong Kong Telephone (852) 691–1068 Fax (852) 692–3895.

The CCA is an organ of continuing co-operation among the churches and the national Christian bodies in 16 countries in Asia.

# വാർത്തയും കുറിപ്പും

## ഹർഷദ് മേത്താ സംഭവം

ഹർഷദ് മേത്താ അനേകം മാസങ്ങളായി ദിനപത്രങ്ങളുടെ ഒരു നല്ല ഭാഗം കൈവശപ്പെടുത്തിയിരുക്കുകയാണല്ലോ. ഏകദേശം നാലായിരം കോടി രൂപയോളം (ഇപ്പോൾ പതിനായിരം കോടിയിൽ അധികമാണന്നു കേൾക്കുന്നു) വരുന്ന കടപ്പത്ര കുംഭകോണത്തിലൂടെ ഹർഷദ് മേത്താ ആയിരക്കണക്കിനു ഓഹരി ഇടപാടുകാരെയും ഇന്ത്യാ ഗവൺമെൻറിനെയും വഞ്ചിച്ചു എന്നും അനേകം കോടികൾ അനധികൃതമായി കൈവശപ്പെടുത്തി എന്നും മറ്റും കേട്ടപ്പോൾ ചിലർ അത് അഴമതിയിലൂടെ സകല സീമകളെയും കടത്തി വെട്ടുന്നതാണെന്നു ചിന്തിച്ചു. ഉടൻ തന്നെ മേത്തായെ അറസ്റ്റു ചേയ്തു, സ്പെഷ്യൽ കോടതി ഏർപ്പെടുത്തി, സകലരഹസ്യങ്ങളും പുറത്തുകൊണ്ടുവരുന്നതിനു വേണ്ടി ജോയിൻറ് പാർലമെൻററി കമ്മറ്റിയെ നിയോഗിച്ചു. ഇതെല്ലാമായിട്ടും ഹർഷദ് മേത്തായുടെ മേൽ കാര്യമായി എന്തെങ്കിലും നടപടി എടുക്കാൻ സാധിച്ചില്ല എന്നതാണ് പരമാർത്ഥം. ബോഫോഴ്സ് ആരോപണം കൈകാര്യം ചെയ്ത വിധത്തെ സംബന്ധിച്ച് ബോധമുള്ളവർ ഇതിൽ കൂടുതലൊന്നും പ്രതിക്ഷിച്ചിരിക്കയില്ല.

അതിഗുരുതരമായ ഒരു കുംഭകോണത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിനു വിധേയനായിരിക്കുമ്പോൾ തന്നെയാണ് പ്രധനമന്ത്രിയുടെ അറിവോടുകൂടി ഒരു കോടി രൂപ കോൺഗ്രസിൻെറ ഇലക്ഷൻ ഫണ്ടിലേക്കു ഹർഷദ് മേത്ത സംഭാവന ചെയ്തു എന്ന പ്രഖ്യാപനം മേത്താ തന്നെ നടത്തിയിരുക്കുന്നത്. മേത്താ പറയുന്നതു പോലെ പ്രധാനമന്ത്രി കൈ തൊട്ട് അനുഗ്രഹിക്കുകയോ പണം വാങ്ങുകയോ ചെയ്തില്ലങ്കിൽ തന്നെയും കോൺഗ്രസ് പാർട്ടിയുടെ തെരഞ്ഞെടുപ്പ് ഫണ്ടിലേക്കു സംഭാവന ചെയ്തു എന്നു പറയുന്ന ഈ തുകയെപ്പറ്റി പ്രധാനമന്ത്രിക്കു ഒരറിവുമില്ല എന്നു പറയുന്നതു മുഖവിലക്കെടുക്കാൻ തയ്യാറില്ലാത്ത ആയിരങ്ങൾ ഭാരതത്തിലുണ്ട്. കാഞ്ചി കാമ കോടി പീഠത്തിലെ ശങ്കരാചാര്യരോടു പത്രക്കാർ ഇതിനെപ്പററി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് പ്രസ്ത്യാവ്യമാണ്. ശ്രീ നരസിംഹറാവു പ്രധാനമന്ത്രി മാത്രമല്ല കോൺഗ്രസ്സിൻെറ പ്രസിഡൻറു കൂടിയാണ്. കോൺഗ്രസ് പർട്ടിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ അതിൻെറ താല്പര്യം സംരക്ഷിക്കാൻ അദ്ദേഹത്തിനു ബാദ്ധ്യതയുണ്ട് എന്നാണല്ലോ സൂചന. ഇതുപോലുള്ള ആരോപണങ്ങൾ മുമ്പു ഉണ്ടായിട്ടുള്ളപ്പോൾ നിരപരാധിത്വം തെളിയിക്കുന്നതിനു അധികാരത്തിൽ നിന്നും മാറി നിന്ന് അന്വേഷണത്തിനു വിധേയനാകുകയും നിരപരാധിത്വം തെളിയിച്ചതിനു ശേഷം അധികാരത്തിലേക്കു മടങ്ങി വരികയും ചെയ്യുക എന്ന ആരോഗ്യകരമായ ജനാധിപത്യ വഴക്കങ്ങൾക്കു ചേർന്ന രീതിയിൽ പ്രവർത്തിച്ചിരുന്നു എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. അങ്ങനെ ചെയ്യുന്നവർ മണ്ടന്മാരാണ് എന്ന ചിന്ത ഇന്നു വളർന്നു വന്നിട്ടുണ്ട്.

'ഒരു കോടി രൂപ ആരോപണത്തിനു മറ്റൊരു വശംകൂടി ഉന്നയിക്കപ്പെട്ടിട്ടണ്ട്. മേത്തായെ ഇക്കാര്യത്തിൽ തുണക്കുന്നത് അധികാരം നഷ്ടപ്പട്ട നാലു സംസ്ഥാനങ്ങളിൽ അധാകരത്തിലേക്കു മടങ്ങിവരാൻ സർവ്വ അടവുകളും പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ബി. ജെ. പി ആണ്.ഈ ആരോപണം അവഗണിക്കാൻ നിവൃത്തിയില്ല. എങ്കിൽത്തന്നെയും കടപ്പത്രകുംഭകോണത്തിൽ ഹർഷദ് മേത്ത വഹിച്ച പങ്ക് ലഘൂകരിക്കുന്നത് ഒരിക്കലും ശരിയായിരിക്കുകയില്ല. കടപത്ര കുംഭകോണത്തെപ്പറ്റി പഠനം നടത്തിക്കൊണ്ടിരിക്കുന്നവർ ചൂണ്ടിക്കാട്ടുന്നതു പോലെ 'ഹർഷദ് മേത്ത' ഒരാൾ മാത്രം വിചാരിച്ചാൽ ആയിരക്കണക്കിനു കോടികൾ തിരിച്ചുമറിക്കാൻ സാധിക്കുകയില്ല. മേത്തായെ സഹായിച്ചവരും പിടിക്കപ്പെടണം. ഏതായാലും അനേകായിരങ്ങളുടെ സാമ്പത്തിക ഭദ്രത തകർക്കുകയും രാജ്യത്തിൻെറ സാമ്പത്തിക പുരോഗതിക്കു തടസ്സം സൃഷ്ടിക്കുകയും ചെയ്ത ഹർഷദ് മേത്തയുടെയും ഇതിനു കൂട്ടുനിന്ന മറ്റു ഉന്നതന്മാരുടെയും രാജ്യദ്രോഹകരമായ പ്രവർത്തനങ്ങൾ നടക്കുമ്പോൾ മറ്റു ചില ആരോപണങ്ങളുടെ പേരിൽ അവർ കുറ്റ വിമുക്തരാകുവാൻ യാതൊരു കാരണവശാലും ഇടയാകരുത്. പൊതുജനങ്ങളുടെ സാമ്പത്തിക ഭദ്രതയും രാജ്യത്തിൻെറ പുരോഗതിയും ആർക്കും പന്താടാനുള്ളതല്ല. മാത്രമല്ല പ്രധാനമന്ത്രിയുടെ മേൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണം വ്യാജമാണെന്നു തെളിയുമ്പോൾ മാതൃകാപരമായ ശിക്ഷ ആരോപണം ഉന്നയിച്ചവർക്കും ലഭിക്കക്കുകയും വേണം.

പ്രധാന മന്ത്രിയുടെ അറിവോടുകൂടി ഒരു കോടി രൂപ കോൺഗ്രസിൻെറ ഇലക്ഷൻ ഫണ്ടിലേക്ക് വാങ്ങിയാലും ഇല്ലെങ്കിലും ഇതൊരു ധാർമിക പ്രശ്നത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. പാർല

മെൻെറു മെമ്പർ എന്ന നിലയിൽ ഒരു സ്ഥാനാർത്ഥി ചെലവാക്കുന്ന തുകക്ക് നിയമം അനുസരിച്ച് ഒരു പരിധിയുണ്ട്. അതിനേക്കാൾ അനേകം മടങ്ങാണ് ഓരോ സ്ഥാനാർത്ഥിയും ചെലവഴിക്കുന്നത്. അനുവദിച്ചിട്ടുള്ളതിനെക്കാൾ അനേകം മടങ്ങു ചെലവഴിച്ചശേഷം, നിയമം അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ മാത്രമേ തെരഞ്ഞെടുപ്പിന് ചെലവഴിച്ചിട്ടുള്ളു എന്ന് പ്രധാനമന്ത്രി മുതൽ താഴോട്ട് എല്ലാവരും? സത്യപ്രസ്താവന നടത്തുകയാണു ചെയ്യുന്നത് ഇങ്ങനെ ചെലവഴിക്കുന്ന കോടികൾ എവിടെ നിന്നു വരും ആന്ധ്രായിലെ കടലാസ് നിർമ്മിക്കുന്ന ഫാക്ടറികളിൽ നിന്നും മഹാരാഷ്ട്രയിലെ പഞ്ചസാരമില്ലുകളിൽനിന്നും വലിയ വ്യവസായ ഭവനങ്ങളിൽ നിന്നും നൂറുകണക്കിനു കോടികൾ ഇലക്ഷൻ ഫണ്ടിലേക്ക് സംഭാവന സ്വീകരിക്കുന്നതിനെ പറ്റിയുള്ള വാർത്തകൾ സാധാരണ കേൾക്കാറുള്ളതാണല്ലോ. ഇത് ഏത് എങ്കിലും ഒരു പാർട്ടി മാത്രം ചെയ്യുന്നതല്ല. സംസ്ഥാനങ്ങളിലെ ഭരണകക്ഷികൾ അവർക്കു വേണ്ടതു ശേഖരിക്കും. ഭരണകക്ഷിക്കും സാധിക്കുന്നത്രയും സാധിച്ചില്ലങ്കിൽ തന്നെയും ഇക്കാര്യത്തിൽ പ്രതിപക്ഷകക്ഷികളും പിമ്പിലല്ല. ഇന്നത്തെ രീതയിലുള്ള തിരഞ്ഞെടുപ്പിൽ പങ്കെടുത്തു വിജയിക്കണമെങ്കിൽ കോടികൾ ചിലവഴിക്കണം. ഈ സാഹചര്യത്തിൽ രണ്ടു സാദ്ധ്യതകൾ മാത്രമേ രാഷ്ട്രീയ പർട്ടികളുടെ മുമ്പിലുള്ളു. ഒന്ന്, എങ്ങനെയെങ്കിലും ആവശ്യത്തിന് പണം ശേഖരിക്കുക. അല്ലെങ്കിൽ തെരഞ്ഞെടുപ്പ് സമ്പ്രദായം കൂടുതൽ ലളിതമാക്കുക. ഇവയിൽ ആദ്യത്തെ മാർഗം സ്വീകരിച്ചാൽ അഴിമതി തുടർന്നുകൊണ്ടേയിരിക്കും. രാഷ്ട്രീയത്തിലെ അഴിമതിക്കു ഒരു അളവെങ്കിലും പരിഹാരം കണ്ടുപിടിക്കണമെങ്കിൽ വളരെ ചിലവു വരുന്ന തിരഞ്ഞെടുപ്പു രീതിക്കു മാറ്റം വരുത്തണം.

എങ്ങിനെ മാറ്റം വരുത്താം എന്നതിനെ പറ്റി പല നിർദ്ദേശങ്ങൾ ഉണ്ടായി എന്നു വരാം ഗാന്ധിജിയുടെ അഭിപ്രായം മാത്രം ഇവിടെ ചൂണ്ടികാണിച്ചു കൊള്ളട്ടെ. ഗാന്ധിയുടെ അഭിപ്രയമനുസരിച്ച് ഗ്രാമ പഞ്ചായത്തുകൾ തിരഞ്ഞെടുക്കപ്പെടുന്നവർ ചേർന്ന് ജില്ലാപരിക്ഷിത്തിലേക്കും ജില്ലാപരിക്ഷിത്തിലുള്ളവർ സംസ്ഥാന നിയമസഭയിലേക്കും സംസ്ഥാന നിയമസഭ പാർലമെൻറിലേക്കും അംഗങ്ങളെ തെരഞ്ഞെടുക്കാം.

ഭരണസംവിധാനത്തെ സംബന്ധിച്ചുള്ള ഗാന്ധിജിയുടെ സങ്കല്പത്തോടു ചേർത്തു ചിന്തിച്ചെങ്കിൽ മാത്രമേ ഇതിൻെറ പ്രസക്തി മനസ്സിലാക്കുകയുള്ളു. അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ച് അധികാരം മുഴുവൻ ഡൽഹിയിൽ കേന്ദ്രീകരിക്കാനുള്ളതല്ല. ഗ്രാമപഞ്ചായത്തിനു ചെയ്യാവുന്നതെല്ലാം പഞ്ചായത്തുതലത്തിൽ തന്നെ നടക്കണം. അതിനു സാദ്ധ്യമല്ലാത്തതു മാത്രമേ ജില്ലതലത്തിലും പിന്നീടു സംസ്ഥാന കേന്ദ്രതലങ്ങളിലും നടത്തേണ്ടതുള്ളു. ഈ രീതിയിൽ മുകളിൽ ചെല്ലുമ്പോൾ രാജ്യസംരക്ഷണം, കമ്മ്യൂണിക്കേഷൻ സംവിധാനം, റെയിൽവേ മുതലായ നാലഞ്ചു വകുപ്പുകൾ മാത്രമേ കേന്ദ്രത്തിനു കൈകാര്യം ചെയ്യേണ്ടി വരികയുള്ളു. ഈ വകുപ്പുകൾ കൈകാര്യം ചെയ്യുന്നതിനു അധികാരം മുഴുവൻ ഡൽഹിയിൽ കേന്ദ്രീകരിക്കേണ്ടതില്ല. ഈ നിർദ്ദേശത്തിലെ കുറവുകൾ പരിഹരിച്ച് ലളിതമായ ഒരു തെരഞ്ഞെടുപ്പ് രീതിക്ക് രൂപം കൊടുക്കേണ്ടത് ഇന്ത്യയിലെ രാഷ്ട്രീയ അഴമതി അവസാനിക്കുന്നതിനു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ആവശ്യമാണ്.

റവ. പി. റ്റി. തോമസ്

## വാർഷിക സമ്മേളനം

അമേരിക്കയിലുള്ള സി. എസ്സ്. ഐ. സഭകളുടെ ഏഴാമത് വാർഷിക-കുടുംബ-യുവജന സമ്മേളനം 1993 ജൂലൈ മാസം 8 മുതൽ 11 വരെ ടെക്സാസ് ക്രിസ്ത്യൻ യൂണിവേഴ്സിറ്റികാമ്പസിൽ വച്ചു നടത്തപ്പെട്ടു. ഡള്ളാസിലെ സി. എസ്സ്. ഐ. സഭയാണ് സമ്മേളനം സ്പോൺസർ ചെയ്തത്. ബിഷപ്പ് മൈക്കിൾ ജോൺ, ദക്ഷിണേന്ത്യ സഭാ മോഡറേറ്റർ മോസ്സ്. റവ. വസന്ത് പി. ഡാൻഡിൻ, റവ. സാം കമലേശൻ, റവ. ഡോ. കെ. കെ. കോശി, റവ. നാരായൺ മിത്ര, എന്നിവർ നേതൃത്വം നൽകി.

## അമേരിക്കൻ സഭകളുടെ ചുമതല മോഡറേറ്റർക്ക്

ബിഷപ്പ് മാണിയുടെ മേൽനോട്ടത്തിലുണ്ടായിരുന്ന അമേരിക്കൻ സഭകളുടെ നിയന്ത്രണം മോഡറേറ്റർ ഏറ്റെടുത്തു. ഈ സഭകൾക്ക് വേണ്ടി തയ്യാറാക്കപ്പെട്ട ഭരണഘടന അംഗീകരിക്കുവാൻ പല കോൺഗ്രിഗേഷനുകളും തയ്യാറായില്ല. പല കോൺഗ്രിഗേഷനുകളും ബിഷപ്പ് മാണിയുമായി അഭിപ്രായ വ്യത്യാസത്തിലുമായിരുന്നു. കഴിഞ്ഞ കാലത്തുണ്ടായ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്തു പരിഹരിക്കുവാൻ സിനഡ് മുൻകൈ എടുത്തിരിക്കയാണ്. ഈ വിഷയം വ്യക്തമാക്കി കൊണ്ടുള്ള ഒരു സർക്കുലർ ജൂൺ നാലിനു, സിനഡ് ജനറൽ സെക്രട്ടറി പുറത്തിറക്കിയിട്ടുണ്ട്.

മാഷേ... ഈ റവറൻറും വെരി റെവറൻറും തമ്മിലെന്താ വ്യത്യാസം?

പ്രസംഗവും അധികപ്രസംഗവും തമ്മിലുള്ള വ്യത്യാസം മാത്രമേയുള്ളൂ.





With the Compliments of, CHENNIKKARA "THE HOUSE OF DIAMONDS"

**SPECIAL SALE**

Wholesale & Retail (Gold, Silver & Platinum)
(Limited time only)

22 kt. Gold London Hallmark Jewelry

Largest Selection of Precious Stone Jewelry

GIA certified Diamond, Ruby Emeralds, Engagement Rings, Tennese Bracelet Sets etc.



24 Kt. Gold Bars, Coin, Bangles & Chains

Silver Bars, Coins and Gift Items

Platinum Bars and Coins
Rare/Collecters Coins
Peacock Coins
First time introduced by Chennikkara

All Under One Roof At

**CHENNIKKARA**

"The House of Diamonds"
(The most trusted name in Jewelry busines since 1979)

7412 Janes Ave, Woodridge, IL 60517
Tele: (708) 960-9100; (708) 960-9109; Fax: (708) 960-9125

NEW ARRIVALS of Diamond sets, Diamond Ruby, Emerald, Blue Saphire Sets, Exclusive design & Very Large Selection of studded jewelry & white Kundan 93% in KDM in the Midwest

Chennikkaara Jewelers: The famous place for Customized jewelry made by expert craftmen with favorite designs of your choice & jewelry repairs

Directions
* From 290/294 W., take I-88 to I-355 S. Exit 75th St., West to Janes Ave., Inside the shopping complex on NW corner
* From I-55, take I-355 N. Exit 75th St. West to Janes Ave.,

WE TRADE OLD GOLD

Large Quantity/Selection/Very Special Rate

Diamonds from Belgium...Pearls from Japan...
Corals from Italy...Gold Jewelry from London...

LOWEST PREMIUM & QUANTITY DISCOUNT

"Chennikkara: The largest & only full service jewelry store in the midwest."


# പ്രതികരണം

## പ്രതികരണങ്ങൾ

അടുത്ത ലക്കം മുതൽ വാർഷിക വരിസംഖ പ്രസിദ്ധീകരിക്കുന്നത് നല്ലതായിരിക്കും. ആദ്യലക ത്തിൻെറ നിലവാരത്തിൽ നിന്നും പിന്നോട്ടു പോക ന്നതായി തോന്നുന്നു. ലക്കം 3 ൻെറ 3-ാം കവറി ബോക്സിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ, രഹസ ബാലറ്റു മുഖേന നടത്തുന്ന തെരഞ്ഞെടുപ്പിൽ പങ്കെ ടുക്കുന്ന സമ്മതിദായകരോടു ആവശ്യപ്പെടാവുന കാര്യമല്ല. വിഷന് ഒരു നല്ല പേര് മലയാളത്തി കണ്ടുപിടിക്കാമായിരുന്നില്ലേ? അടുത്ത ലക്കം മ തൽ കൂടുതൽ പംക്തികൾ ഉൾപ്പെടുത്തുന്നത് നല്ല തായിരിക്കും. എഡിറ്റിംഗ് കൂടുതൽ ശ്രദ്ധിയ്ക്കണം.

*പി. ജെ. തോമസ്, ചെമ്പനാൽ, തിടനാ*

പുതിയ ബിഷപ്പിനു വേണ്ടി ഞങ്ങൾ നു യായി പ്രാർത്ഥിക്കുന്നു. ജനങ്ങൾ നേതാക്കളെ രാധിക്കുന്ന സമീപനത്തിൽ നിന്നു പിൻതിരിയേണ്ട യിരിക്കുന്നു. ബിഷപ്പ് ഒരു രാജാവല്ല. ക്രിസ്തു വിൻെറ ശുശ്രൂഷകനാണെന്നു ബോധം ഉണ്ടായിര ക്കണം.

*ഡോ. റോയി. ചിക്കാഗോ*

ന്യൂ വിഷൻ മാസിക കണ്ടു. നന്നായിരിക്കു ന്നു. ഒന്നും മറച്ചു വയ്ക്കാത്ത തൂലിക. അങ്ങനെ തുടരട്ടെ എന്നാശംസിക്കുന്നു.

*തോമസ് കുര്യൻ, മൂന്നാർ*

'വിഷൻ' കണ്ടു. നന്നായിരിക്കുന്നു. എൻെറ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുന്നു 'സഭയുടെ വിളി' യ്ക്കനുസരിച്ചു പ്രവർത്തിക്കുവാൻ സഹായകമാകാത്തക്ക രീതിയിൽ ഈ പ്രസിദ്ധീക രണം മുമ്പോട്ടു പോകട്ടെ. എനിക്ക് പരിചയമുള്ള പലരുമാണ് എഡിറ്റോറിയൽ ബോർഡിലും ഉപ ദേശം സമിതിയിലുള്ളത്. പ്രവർത്തനങ്ങൾക്ക് മംഗ ളങ്ങൾ നേരുന്നു.

*റവ. സി. ജെ. തോമസ്, യു. എസ്. എ.*

വിഷൻ ശ്രദ്ധയോടെ വായിച്ചു. വസ്തുതകൾ വളച്ചൊടിക്കാതെ സത്യസന്ധമായി എഴുതുന്ന ഈ പ്രസിദ്ധീകരണത്തിനു അനുമോദനങ്ങൾ. ആടുകൾ ക്ക് വേണ്ടി ജീവൻ കൊടുക്കുവാൻ തയ്യാറുള്ള നല്ല

ഇടയനെ തെരഞ്ഞെടുക്കുവാൻ മഹായിടവക കൗൺസിലിനു ഇടയാകട്ടെ.

*സി. സി. ലൂക്കോസ്. റാന്നി.*

സഭയുടെ ദൗത്യത്തെക്കുറിച്ചു ജനങ്ങളെ പഠിപ്പിക്കുവാനായി 'ന്യൂ വിഷൻ' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം പുറത്തിറക്കുന്നത് ഉചിതമാണ്. ആശംസകൾ.

*ഡോ. സി.റ്റി. കുര്യൻ. മദ്രാസ്.*

ബിഷപ്പ് തെരഞ്ഞെടുപ്പിൽ, മത്സരിക്കുന്ന സ്ഥാനാർത്ഥികളെ കുറിച്ചുള്ള വിവരങ്ങൾ ന്യൂ വിഷനിൽ കൂടി വായിക്കുവാനിടയായി. സ്ഥാനാർത്ഥികളെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുവാൻ ഇത് സഹായകമായി. - അടുത്ത ലക്കങ്ങളിൽ മറ്റു എപ്പിസ്കോപ്പൽ സഭകളിലെ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തണം.

*ഡോ. ഏ. ഐ. ജോൺ. കായംകുളം.*

അധികാര കേന്ദ്രീകരണവും അധികാര ദുർവിനിയോഗവും എല്ലാം സഭാംഗങ്ങളെ പൊതുവേ അസംതൃപ്തരാക്കിയിട്ടുണ്ട്. സഭയിൽ ഒരു പരിവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു സഹായകരമായ ചില നിർദ്ദേശങ്ങൾ കുറിയ്ക്കട്ടെ. (1) മാസത്തിൽ ഒരു ഇടവകയെങ്കിലും ബിഷപ്പു സന്ദർശിച്ചിരിക്കണം. (2) ഇടവകകൾ സന്ദർശിക്കുമ്പോൾ ബിഷപ്പ് കമ്മിറ്റിക്കാരുമായും, സഭാംഗങ്ങളുമായും ഇടപഴകുവാൻ ശ്രമിയ്ക്കണം. (3) ബിഷപ്പിൻെറ ഭരണഭാരം കുറച്ചു ആത്മീക കാര്യങ്ങളിൽ ശ്രദ്ധിയ്ക്കേണ്ടതാണ്. (4) ബിഷപ്പു ഒരു ആത്മീക നേതാവായിരിക്കണം. (5) ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുവാൻ വേണ്ട കുറഞ്ഞ വയസ്സു 55 ആയിരിക്കണം. 5 വർഷം വീതമുള്ളരണ്ടു ടേമിലേക്ക് വേണം തെരഞ്ഞെടുക്കുവാൻ. ആദ്യത്തെ 5 വർഷത്തെ പ്രവർത്തനം തൃപ്തികരമാണെങ്കിൽ അടുത്ത 5 വർഷം കൂടി തുടരാവുന്നതാണ്. (6) അധികാര വികേന്ദ്രീകരണവും, കൂടുതൽ ജനങ്ങൾക്ക് പങ്കാളിത്തവും നൽകത്തക്ക രീതിയിൽ ഭരണം ക്രമീകരിക്കണം.

കാനഡായിൽ ഞങ്ങൾ സി.എസ്സ്.ഐ. കോൺഗ്രിഗേഷൻ ഉണ്ടാക്കിയപ്പോൾ, എത്രയും കൂടുതൽ പേർക്ക് അധികാരത്തിൽ പങ്കാളിത്തം നൽകുവാൻ ശ്രമിക്കുകയുണ്ടായി. എല്ലാവർക്കും ഏതെങ്കിലും ഒരു സബ് കമ്മിറ്റിയിൽ അംഗത്വം നല്കിയതു വഴി എല്ലാവരുടേയും അഭിപ്രായങ്ങൾ സഭയുടെ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളുവാൻ സാധിച്ചു. സഭയുടെ പ്രവർത്തനം മനുഷ്യ ശരീരത്തിൻെറ പ്രവർത്തനവുമായി താരതമ്യപ്പെടുത്തുന്നതു പോലെ, എല്ലാ വ്യക്തികൾക്കും സഭയുടെ ആകമാന വളർച്ചയിൽ സംഭാവന നല്കുവാനാകും.

*വറുഗീസ് ജയിക്കബ്, കാനഡാ.*

വിഷൻെറ 2 ലക്കങ്ങൾ കിട്ടി. വളരെ നന്നായിരിക്കുന്നു. ഇതുപോലെ നഗ്നമായ വോട്ടു പിടിത്തം ഇതിനു മുമ്പു ഉണ്ടായിട്ടുണ്ടോ എന്നു തോന്നുന്നില്ല. നമ്മുടെ സഭ അധഃപതിച്ചു പോയല്ലോ എന്നോർത്തു സങ്കടപ്പെടുന്നു. ജനങ്ങളെ ഉണർത്തുന്നതിനു ഈ പ്രസിദ്ധീകരണം ഉതകട്ടെ എന്നു പ്രാർത്ഥിക്കുന്നു. സംഭാവന പുറകെ അയക്കുന്നതാണ്.

*കെ. ഐ. ചാക്കോ. റാന്നി.*

ഈ സംരംഭം വളരെ സ്വാഗതാർഹമാണ്. ഇതിൻെറ പിന്നിൽ പ്രവർത്തിക്കുന്നവരെ, പ്രത്യേകിച്ചു മുൻകൈയെടുത്തതിന് അഭിനന്ദനങ്ങൾ. ഈ ലക്കം നന്നായിട്ടുണ്ട്.

*അഡ്വ. ജോർജ്ജ് തോമസ്.*

വിഷൻെറ മൂന്നാം ലക്കവും കൈപ്പറ്റി. ഇതുവരെയുള്ളതെല്ലാം ശ്രദ്ധയോടെ വായിച്ചു. വാസ്തവത്തിൽ സഭയിൽ വലിയൊരു പരിവർത്തനം വരുത്താൻ ദൈവം തോന്നിച്ചതിൻെറ ഫലമാണിതെന്നു തോന്നുന്നു. അല്പം താമസിച്ചു പോയി എന്നൊരു ഖേദമുണ്ട്.

സഭയിലെ ദർശനമില്ലാത്ത ജനങ്ങൾക്ക് സഭാനേതാക്കൻമാർക്കും ദർശനവും ഉത്തേജനവും പ്രചോദനവും ആത്മീയ. വെളിച്ചവും ഇത് നല്കുമെന്നു കരുതുന്നു. ദർശനമില്ലാത്തിടത്ത് ജനം നശിക്കുന്നുവെന്നും വേദപുസ്തകത്തിൽ പറയുന്നുണ്ടല്ലോ. ഇതൊരു തുറന്ന വേദിയായി സാമൂഹ്യ ബന്ധങ്ങളിലും പരിവർത്തനം ഉണ്ടാക്കുവാൻ സഹായിക്കട്ടെ. ക്രിയാത്മകമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ആരു തന്നാലും മുഖം നോക്കാതെ പ്രസിദ്ധീകരിക്കണം. മുഖപക്ഷം പാടില്ല. ആശംസകൾ

*സി. എസ്സ്. വറുഗീസ് കോട്ടുകളഞ്ഞി, കൊച്ചി-20.*

പല ലേഖനങ്ങളും വിജ്ഞാനപ്രദവും പഠനാർഹവുമാണ്. ബിഷപ്പ് സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തിയത് ഏറെ നന്നായി. പട്ടത്വം മേൽപട്ടത്വം എന്നിവയെക്കുറിച്ചു നല്കിയ വിശദീകരണങ്ങൾ സ്വാഗതാർഹമാണ്. പക്ഷേ സാധാരണ ജനങ്ങളെ ചിന്താക്കുഴപ്പത്തിലാക്കരുത്. അവയെ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ കൂടി ഉണ്ടാവണം.

*ജോസഫ് മാണി. ഒളശ.*

## തൊഴിലവസര വാർത്തകൾ

**1) വാർഡൻ**

ആലുവാ. യു. സി. കോളജിലെ വിമൻസ് ഹോസ്റ്റലിലേക്ക് വാർഡനെ ആവശ്യമുണ്ട്. എം. ഏ/എം. എസ്സ്. സി. പാസ്സായ വനിതകൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ പ്രിൻസിപ്പാളിൽ നിന്നറിയാവുന്നതാണ്. വിലാസം The Principal, U.C. College, Aluva.

**2) സേവിനിമാർ**

മൂങ്ങകപ്പാടം അഗതി മന്ദിരത്തിലേക്ക് സേവിനിമാരായി ശുശ്രൂഷചെയ്യുവാൻ താല്പര്യമുള്ള സ്ത്രീകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ സമർപ്പണമുള്ളവരായിരിക്കണം. ഭക്ഷണവും താമസസൗകര്യവുമുൾപ്പെടെയുള്ള എല്ലാ ആവശ്യങ്ങളും സ്ഥാപനം നടത്തിക്കൊള്ളും. കൂടുതൽ വിവരങ്ങൾ സെക്രട്ടറി, മൂങ്ങകപ്പാടം അഗതി മന്ദിരം, മാങ്ങാനം, കോട്ടയം-18 എന്ന വിലാസത്തിൽ ലഭിക്കും.

**3) പാചകക്കാരികൾ**

നൂറ് പേർ താമസിക്കുന്ന ഒരു സ്ഥാപനത്തിലേക്ക് പാചകമറിയാവുന്ന സ്ത്രീകളെ ആവശ്യമുണ്ട്. ശംമ്പളം പരസ്പരാലോചനയിൽ കൂടി തീരുമാനിക്കപ്പെടും. അപേക്ഷകൾ മാനേജർ, ന്യൂ വിഷൻ, മാങ്ങാനം, കോട്ടയം-18 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കവറിന്റെ പുറത്ത് പരസ്യം - 3 എന്നു കാണിച്ചിരിക്കണം.

**4) മാനേജർ**

ഒരു ക്രൈസ്തവ പ്രസിദ്ധീകരണത്തിനു മാനേജരായി നിയമിക്കുവാൻ യോഗ്യരായ വ്യക്തിയെ ആവശ്യമുണ്ട്. പ്രസിദ്ധീകരണത്തിന്റെ അച്ചടിയും വിതരണവും നോക്കുക, വിവിധ സ്ഥലങ്ങൾ സന്ദർശിക്കുക, ദൈവ വചനം പ്രസംഗിക്കുവാൻ ലഭിക്കുന്നയവസരത്തിൽ പ്രസംഗിക്കുക തുടങ്ങിയവയായിരിക്കും. ശമ്പളം കൂടിയാലോചനയിൽ കൂടി തീരുമാനിക്കപ്പെടും. അപേക്ഷകരെ കുറിച്ചുള്ള സകല വിവരങ്ങളും ആദ്യ കത്തിൽ തന്നെ എഴുതിയിരിക്കണം. വൈദിക വിദ്യാഭ്യാസത്തിനു പോകുവാൻ താല്പര്യമുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും. മാനേജർ, ന്യൂ വിഷൻ, മാങ്ങാനം, കോട്ടയം 18 എന്ന വിലാസത്തിൽ അപേക്ഷിക്കുക. കവറിന്റെ പുറത്ത് 'പരസ്യം 4' എന്നു കാണിച്ചിരിക്കണം.

STOP PRESS

## അഭിനന്ദനങ്ങൾ



CSI മദ്ധ്യകേരള മഹായിടവക ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട റവ. സാം മാത്യുവിന് ന്യൂവിഷന്റെ അനുമോദനങ്ങൾ. നമ്മുടെ മഹായിടവകയുടെ 5-ാമത്തെ ബിഷപ്പും കൊച്ചി തിരുവിതാംകൂർ ആംഗ്ലിക്കൻ മഹായിടവകയുടെ വിഭജനത്തിനുശേഷം 10-ാമത്തെ ബിഷപ്പുമായിരിക്കും റവ. സാം മാത്യു.

തെരഞ്ഞെടുപ്പ് വാർത്ത അറിഞ്ഞ ഉടനെ തന്നെ ന്യൂവിഷന് അച്ചൻ അഭിമുഖം അനുവദിക്കുകയുണ്ടായി. മഹായിടവകയിൽ സമാധാനവും ഐക്യമത്യവും ഉണ്ടാക്കുവാൻ അച്ചൻ ഏവരുടെയും സഹായസഹകരണങ്ങളും പ്രാർത്ഥനയും അഭ്യർത്ഥിച്ചു. യുവജനങ്ങളുടെയും ദളിത് വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കുവാനും ജനാധിപത്യ സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമാക്കുവാനും അച്ചൻ ശ്രമിക്കുന്നതായിരിക്കും എന്ന് പറയുകയുണ്ടായി. സഭയെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും പ്രതിസന്ധി ഘട്ടങ്ങളിലും സ്വയം തീരുമാനം എടുക്കേണ്ടിവരാതെ കൂട്ടായ ചർച്ചയിലൂടെയും, സംവാദത്തിൽ കൂടിയും പൊതു അഭിപ്രായം മാനിച്ചേ ചെയ്യുകയുള്ളൂ എന്ന് അച്ചൻ പറഞ്ഞു.

ദർശനവും അനുഭവസമ്പത്തും സമർപ്പിതത്വവും ലാളിത്യവും ത്യാഗസന്നദ്ധതയും പക്വതയും ഒത്തുചേർന്ന റവ. സാം മാത്യുവിന് മഹായിടവകയിൽ ഇന്നുള്ള പ്രശ്നങ്ങൾ പരിഹരിച്ച്, സഭയെ പുതിയ ദർശനത്തോടു കൂടി 21-ാം നൂറ്റാണ്ടിലേക്ക് നയിക്കുവാൻ സാധിക്കട്ടെ എന്ന് ന്യൂവിഷൻ ആത്മാർത്ഥമായി ആശംസിക്കുന്നു.

[ഈ പംക്തിയിൽ തൊഴിലവസര വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനു, സ്ഥാപനങ്ങൾ പരസ്യ ചാർജ് നല്കേണ്ടതില്ല. ഉത്തരവാദിത്തപ്പെട്ട വ്യക്തികൾ നല്കുന്ന വിവരങ്ങളായിരിക്കും ഞങ്ങൾ ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുക.]

# NEW VISION

*സുഹൃത്തേ,*

*ഇത് നാലാമത്തെ ലക്കമാണ്. കഴിഞ്ഞ 3 ലക്കങ്ങളും ലഭിച്ചിട്ടുണ്ടാകും എന്നു കരുതുകയാണ്. ഈ പ്രസിദ്ധീകരണത്തിന്റെ കോപ്പികൾ ആവശ്യപ്പെട്ടുകൊണ്ട് ധാരാളം കത്തുകൾ ലഭിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞ 3 ലക്കങ്ങളുടെയും ഓഫീസ് കോപ്പി മാത്രമേ ഇപ്പോൾ കൈവശമുള്ളു. അതുകൊണ്ടു കഴിഞ്ഞ ലക്കങ്ങൾ ഇനിയും ആർക്കും അയച്ചു തരാനാവില്ല. ഈ പ്രസിദ്ധീകരണം വായിക്കുവാൻ താല്പര്യമുള്ള എല്ലാവർക്കും സൗജന്യമായി അയച്ചു കൊടുക്കുക. വായനക്കാരിൽ നിന്നും സ്വമേധയാ ലഭിക്കുന്ന സംഭാവനകൾ കൊണ്ടു പ്രസിദ്ധീകരണ ചെലവുകൾ നിർവഹിക്കപ്പെടുക എന്നതാണ് ഞങ്ങളുടെ നയം. ഞങ്ങൾ തന്നെ പല മേഖലകളിൽ നിന്നും ശേഖരിച്ചതായ മേൽവിലാസത്തിലാണ് ന്യൂ വിഷൻ അയച്ചു കൊണ്ടിരിക്കുന്നത്. ന്യൂ വിഷൻ തുടർന്നും ലഭിക്കാനാഗ്രഹം പ്രകടിപ്പിച്ചു കത്തെഴുതുന്നവരുടെ പേരുകൾ മാത്രമേ ഞങ്ങൾ രജിസ്ട്രറിൽ ചേർക്കുന്നുള്ളു. താൽക്കാലിക മെയിലിംഗ് ലിസ്റ്റിൽ നിന്നും അയക്കുന്നവരുടെ എണ്ണം കുറച്ചു വരികയാണ്. ഈ പ്രസിദ്ധീകരണം തുടർന്നു ലഭിക്കണമെങ്കിൽ ഈ ഫാറം പൂരിപ്പിച്ചയച്ചു തരണം.*

**വിലാസം: മാനേജർ, ന്യൂ വിഷൻ, മാങ്ങാനം കോട്ടയം 18**

*പത്രാധിപർ*

പേര് : . . . . . . . . . . . . . . . . . . . . . . . . . . .

മേൽവിലാസം : . . . . . . . . . . . . . . . . . . . . . . . . . . .

. . . . . . . . . . . . . . . . . . . . . . . . . . .

ലക്കം 4 നെക്കുറിച്ചുള്ള അഭിപ്രായം : . . . . . . . . . . . . . . . . . . . . . . . .

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

ഈ പ്രസിദ്ധീകരണം അയച്ചു കൊടുക്കണമെന്നു നിങ്ങൾ ഉദ്ദേശിക്കുന്നവരുടെ പേരും വിലാസവും.

1) . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .

2) . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .

3) . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .

4) . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . .

## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

പേരും മേൽവിലാസവും വ്യക്തമായി എഴുതിയിരിക്കണം. ലേഖനത്തിൽ പറയുന്ന വസ്തുതകൾ പൂർണ്ണമായും വാസ്തവമായിരിക്കണം. സഭയുടെ പുതുക്കത്തിനും രൂപാന്തരത്തിനും സഹായിക്കുന്ന ക്രിയാത്മക വിമർശനങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളുംഅയച്ചു തരിക. ഇത് ഒരു തുറന്ന വേദിയാണ്. പ്രസക്തമായ ദൗത്യനിർവ്വഹണത്തിൽ 'നവ ദർശനങ്ങൾ' ഉണ്ടാകുവാൻ സഹായിക്കുക.

## കാർട്ടൂൺ മത്സരം

'ന്യൂ വിഷൻ' ഒരു കാർട്ടൂൺ മത്സരം ക്രമീകരിക്കുന്നു. കാർട്ടൂണുകൾ ന്യൂ വിഷന്റെ അര പേജിൽ കൂടുവാൻ പാടില്ല. ഏതു വിഷയത്തെക്കുറിച്ചും കാർട്ടൂൺ രചിക്കാം. തെരഞ്ഞെടുക്കപ്പെടുന്ന കാർട്ടൂണുകളെല്ലാം ന്യൂ വിഷനിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഒന്നാം സ്ഥാനത്തെത്തുന്ന കാർട്ടൂണിനു 250 രൂപായും രണ്ടാം സ്ഥാനത്തെത്തുന്ന കാർട്ടൂണിനു 100 രൂപയും നല്കപ്പെടുന്നതാണ്. കാർട്ടൂണുകൾ *മാനേജർ, കാർട്ടൂൺ മത്സരം, ന്യൂ വിഷൻ, മാങ്ങാനം, കോട്ടയം 18* എന്ന വിലാസത്തിൽ **ഒക്ടോബർ 15** നകം ലഭിച്ചിരിക്കണം. ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

*Edited by Prof. Mathew Koshy Punnackadu and Published by Rev. Prof K. C. Mathew for New Vision Manganam Kottayam – 18.*